പഞ്ചായത്ത് രാജ്

ഹരിതകേരളം മിഷൻ

ആർദ്രം

ലൈഫ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

നവകേരളക്കുതിപ്പിന്റെ ഉന്മേഷസംഗമം

നവകേരളം ശില്പശാല

കർമ്മപദ്ധതി

നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം

പഞ്ചായത്ത്‌രാജ്

ഡിസംബർ 2018

അകത്ത്



മിഷൻ പ്രവർത്തനങ്ങൾക്ക്
പുത്തനുണർവ്വും പകർന്ന ദ്വിദിന സംഗമം 5

മിഷൻ പ്രവർത്തനങ്ങൾ
സമയബന്ധിതമായി പൂർത്തീകരിക്കണം 8
പിണറായി വിജയൻ, മുഖ്യമന്ത്രി

മുമ്പേ നടക്കുന്ന കേരളം 12
എ.സി. മൊയ്തീൻ

ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി 16
റ്റി.കെ. ജോസ്

നവകേരള കർമ്മ പദ്ധതി ശില്പശാലയിൽ നിന്ന്
ടി.പി. രാമകൃഷ്ണൻ, തൊഴിൽ വകുപ്പ് മന്ത്രി 20
ജെ. മേഴ്സിക്കുട്ടിയമ്മ, ഫിഷറീസ് വകുപ്പ് മന്ത്രി 21
വി.എസ്. സുനിൽ കുമാർ, കൃഷി വകുപ്പ് മന്ത്രി 22
കെ.കെ. ശൈലജ ടീച്ചർ, ആരോഗ്യ വകുപ്പ് മന്ത്രി 27
ഡോ. ടി.എം. തോമസ് ഐസക്, ധനകാര്യ വകുപ്പ് മന്ത്രി 30
സി. രവീന്ദ്രനാഥ്,വിദ്യാഭ്യാസ വകുപ്പ് മന്ത്രി 31

ഐബിപിഎംഎസ് സോഫ്റ്റ്‌വെയർ 33

വ്യത്യസ്തതകൊണ്ട് വിജയം രചിക്കുന്നവർ 35
ജയകുമാർ തൊട്ടുപുഴ

സജീവമാകേണ്ട ജൈവ വൈവിധ്യ
പരിപാലന സമിതികൾ 38
സുരേഷ് മാമ്പിള്ളിൽ

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്ന് വായനക്കാർ 42

ഡിസംബർ 2018
പുസ്തകം 59 ലക്കം 9
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

വിജയഗീതമാകട്ടെ പുതുവർഷം

കാലത്തിന്റെ കണക്കുപുസ്തകത്തിൽ നിന്ന് ഒരു താൾ കൂടി കൊഴിഞ്ഞു വീഴുന്നു. 2018 കേരള ജനതയെ സംബന്ധിച്ചിടത്തോളം നടുക്കുന്ന ദുരന്തചിത്രം മാത്രമല്ല, വിപത്തിനെ അതിജീവിച്ച ശക്തിയുടെ മഹത്വം കൂടിയാണ്. നിശ്ചയദാർഢ്യത്തിന്റെ കരുത്തുള്ളൊരു ഭരണനേതൃത്വം വെള്ളപ്പൊക്ക ദുരന്തത്തെ നേരിട്ടതാണ് ലോകം അത്ഭുതത്തോടെ ദർശിച്ചത്. തദ്ദേശ സ്വയംഭരണവകുപ്പും സ്ഥാപനങ്ങളും അവസരത്തിനൊത്ത് ഉയരുകയും വാക്കുകളിലൊതുങ്ങാത്ത കർമ്മ വീര്യം പ്രകടിപ്പിക്കുകയും ചെയ്തു.

സമസ്തജനങ്ങളുടെയും സമഗ്രപുരോഗതി ലക്ഷ്യമിടുന്ന നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള മിഷനുകളുടെ പ്രവർത്തനം രണ്ട് വർഷം പിന്നിടുന്ന വേളയാണിത്. സർക്കാരിന്റെയും പൊതുജനങ്ങളുടെയും ജീവനക്കാരുടെയും കൂട്ടായ യത്നഫലമായി ഗുണപരമായൊരു മാറ്റം സൃഷ്ടിക്കുവാനായിട്ടുണ്ട്. ഇക്കഴിഞ്ഞ നവംബർ 27, 28 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ ഭരണകർത്താക്കളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒത്തിരുന്ന് മിഷനുകളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്ത് പരിവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു.

പ്രളയാനന്തരം നാം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും അവയുടെ പരിഹാരത്തെപ്പറ്റിയും മുഖ്യമന്ത്രി ശില്പശാലയിൽ സംസാരിച്ചു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങളുടെ അനിവാര്യതയെപ്പറ്റി അദ്ദേഹം സൂചിപ്പിച്ചിരുന്നു. അത് ഉൾക്കൊണ്ട് മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നമുക്ക് കഴിയണം. ശില്പശാലയിലെ വിശേഷങ്ങൾ പരമാവധി ഉൾക്കൊള്ളിച്ചാണ് ഈ ലക്കം പഞ്ചായത്ത്‌രാജ് വായനക്കാരിലെത്തിക്കുന്നത്.

തദ്ദേശസ്ഥാപനങ്ങളിൽ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ കൊട്ടുമ്പിരിക്കൊള്ളുന്ന ഘട്ടമാണിത്. പദ്ധതി ചെലവിന്റെ വിനിയോഗത്തിലും നികുതി പിരിവ് സമാഹരണത്തിലും കഴിഞ്ഞ സാമ്പത്തിക വർഷം ചരിത്രം നേട്ടം നമ്മൾ കൈവരിച്ചിരുന്നു. പ്രളയമാന്ദ്യത്തെ പിന്നിട്ട് പഴയ പ്രവർത്തന ധാരയിലേക്ക് ഒട്ടുമിക്ക പ്രാദേശിക സർക്കാരുകളും എത്തിയിട്ടുണ്ടെന്നത് ആശാവഹമാണ്. ഡിസംബർ 15 ലെ കണക്കുപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 50 ശതമാനം കടന്നിട്ടുണ്ട്. നികുതി പിരിവ് 50 ശതമാനത്തോടടുക്കുകയാണ്. ഫണ്ട് വിനിയോഗത്തിലും നികുതി പിരിവിലും നൂറു ശതമാനം എന്ന ലക്ഷ്യം കൈവരിക്കാൻ എല്ലാ സ്ഥാപനങ്ങളും ആത്മാർത്ഥമായി ശ്രമിക്കണം. അതിനായി വരുംനാളുകളിൽ വിശ്രമമില്ലാതെ ജോലി ചെയ്യാൻ എല്ലാവരും വിശിഷ്യാ ജീവനക്കാർ തയ്യാറാകണം. ഈ പുതുവർഷപ്പുലരിയിൽ സുപ്രതീക്ഷയോടെ.

എച്ച്. ദിനേശൻ ഐ.എ.എസ്

ലോകത്തിലെ ഏറ്റവും മനോഹരമായ കാര്യങ്ങൾ ആസ്വദിക്കാൻ കണ്ണോ കൈയോ വേണ്ട; ഹൃദയം മതി.
- ഹെലൻ കെല്ലർ

നവകേരളം ശില്പശാല കർമ്മപദ്ധതി

മിഷൻ പ്രവർത്തനങ്ങൾക്ക്

പുത്തനുർജ്ജം പകർന്ന ദ്വിദിന സംഗമം

സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളുടെ വാർഷിക അവലോകനത്തിനും ഭാവി പരിപാടികൾ ചർച്ച ചെയ്യുന്നതിനും 2018 നവംബർ 27, 28 തീയതികളിൽ ഒരു ദ്വിദിന ശില്പശാല തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്നു. ശില്പശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

തദ്ദേശസ്ഥാപനങ്ങളുടെ 2019-20ലെ വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണെന്നും ഡിസംബർ അവസാനത്തോടെ പൂർത്തിയാകുമെന്നും മുഖ്യമന്ത്രി ശിൽപശാലയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പറഞ്ഞു. നവകേരള സൃഷ്ടിക്കുതകുന്ന പദ്ധതികൾക്ക് തദ്ദേശസ്ഥാപനങ്ങൾ ഊന്നൽ നൽകണമെന്നും അദ്ദേഹം പറഞ്ഞു.

2017-18 ൽ 90 ശതമാനത്തിലധികം പദ്ധതി ചെലവ് കൈവരിക്കാൻ സംസ്ഥാനത്തിനായി. പ്രളയം സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും 2018-19 ൽ ഇതുവരെ 45 ശതമാനം പദ്ധതിചെലവ് കൈവരിക്കാനായി. നവകേരള സൃഷ്ടിക്ക് ഊന്നൽ നൽകിയാവണം തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കേണ്ടത്. ഇവ ഗുണനിലവാരമുള്ള പദ്ധതികളായിരി ക്കണം.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കാനായി. തദ്ദേശസ്ഥാപനങ്ങളുടെ ഭാഗത്തു നിന്ന് ഇതിന് നല്ല ഇടപെടലുണ്ടായി. വികസനത്തിന് ആസൂത്രണത്തിനുള്ള പ്രാധാന്യം കണക്കിലെടുത്താണ് ഇത് നിലനിറുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തന വിജയം ആസൂത്രണത്തിന്റെ പ്രാധാന്യം തെളിയിക്കുന്നു.

കാലാനുസൃതമായ പുരോഗതി നാടിന് നേടിയെടുക്കേണ്ടതുണ്ട്. പുതിയ കേരളം സൃഷ്ടിക്കാൻ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാവുകയും പുതിയ നിക്ഷേപങ്ങൾ വരികയും വിവിധ മേഖലകളെ മാറ്റുന്ന വിധത്തിൽ പ്രവർത്തനം വ്യാപകമാക്കാനുമാവണം. ഇതോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, ടൂറിസം തുടങ്ങിയ മേഖലകളിലെ നിലവിലെ പദ്ധതികൾ ശക്തിപ്പെടുത്തണം. നവകേരളം നിർമിതിയുമായി മിഷൻ പ്രവർത്തനങ്ങൾ എങ്ങനെ യോജിപ്പിക്കാമെന്ന് ഗൗരവമായി ചിന്തിക്കണം.

മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കേണ്ടതുണ്ട്. തദ്ദേശസ്ഥാപന പരിധിയിൽ ഒരു അറവുശാലയുണ്ടെങ്കിൽ അതിന് മാലിന്യ സംസ്കരണത്തിന് സംവിധാനം ഉണ്ടായിരിക്കണം. സദ്യ നടത്തുമ്പോൾ വരുന്ന മാലിന്യം സംസ്കരിക്കാൻ സംവിധാനമുണ്ടോയെന്ന് ചിന്തിക്കണം. ഹോട്ടലുകളിലെയും ആശുപത്രികളിലെയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിശോധിക്കണം. തദ്ദേശസ്ഥാപനങ്ങൾ അത്തരം പരിശോധനകളുമായി ഗൗരവമായി മുന്നോട്ടു നീങ്ങണം. ഇതിൽ ഒരു വിട്ടുവീഴ്ചയും പാടില്ല. ഹോട്ടലുകളിൽ വൃത്തിയുള്ള ഭക്ഷണം ഉറപ്പാക്കണം. അവരോട് ഒരു വിരോധവുമില്ല. നാടിന് അവരെല്ലാം ആവശ്യമാണ്. എന്നാൽ നല്ലതല്ലാത്ത ഭക്ഷണം വിളമ്പുന്നത് തടയണം. ബന്ധപ്പെട്ട വകുപ്പുകളും ഇതെല്ലാം ഗൗരവത്തോടെ കാണണം. വഴിയിൽ കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നത് മാത്രമല്ല ശുചീകരണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജലവിനിയോഗത്തിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. കുടിവെള്ളം പച്ചക്കറിത്തോട്ടത്തിൽ ഉപയോഗിക്കുന്ന രീതി മാറണം. കളിക്കുന്ന വെള്ളം തോട്ടത്തിലേക്ക് തിരിച്ചുവിട്ട് ഉപയോഗിക്കണം. ഇതിലും തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ അനിവാര്യമാണ്.

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വച്ച

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എല്ലാ ജില്ലകളിലും ജില്ലാ പദ്ധതികൾ തയ്യാറാക്കാനായി. തദ്ദേശസ്ഥാപനങ്ങളുടെ ഭാഗത്തു നിന്ന് ഇതിന് നല്ല ഇടപെടലുണ്ടായി.

നൽകുന്ന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കണം. ഓരോ ജില്ലയിലും ഒരു പൈലറ്റ് പദ്ധതി നടപ്പാക്കണം. ഇതിനായി പ്രാദേശിക സ്പോൺസർഷിപ്പ് ഉപയോഗപ്പെടുത്തണം. തദ്ദേശസ്ഥാപനങ്ങളാണ് ഇതിന് നേതൃത്വം വഹിക്കേണ്ടത്. ഭൂമിയുള്ള ഭവനരഹിതർക്കായി 50,000 വീടുകളുടെ നിർമാണം ആരംഭിച്ചു. തണ്ണീർത്തടം, സി. ആർ. സെഡ് പ്രശ്നങ്ങൾ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് പരിഹരിക്കണം.

2.20 ലക്ഷം ഹെക്ടർ തരിശു സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിച്ചു. 70,000 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. 2.87 കോടി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചു. എല്ലായിടവും തരിശുരഹിത പ്രദേശമാക്കി മാറ്റാൻ ശ്രമം ഉണ്ടാവണം. നദികളിലെ മാലിന്യ നിക്ഷേപം തടയാൻ ഫലപ്രദമായ ബോധവത്കരണം നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ. കെ. ശൈലജ ടീച്ചർ, പ്രൊഫ. സി. രവീന്ദ്രനാഥ്, രാമചന്ദ്രൻ കടന്നപ്പള്ളി, മേയർ വി. കെ. പ്രശാന്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു, നവകേരളം കർമ്മപദ്ധതി കോഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ചീഫ് സെക്രട്ടറി ടോം ജോസ്, മേയേഴ്സ് കൗൺസിൽ പ്രസിഡന്റ് തോട്ടത്തിൽ രവീന്ദ്രൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ. തുളസീഭായി പത്മനാഭൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ അധ്യക്ഷൻ വി. വി. രമേശൻ, ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, അഡീഷണൽ ചീഫ് സെക്രട്ടറിമാരായ വിശ്വാസ് മേത്ത, പി. എച്ച്. കുര്യൻ, ടി. കെ. ജോസ്, ആസൂത്രണ ബോർഡ് അംഗം ഡോ. കെ. എൻ. ഹരിലാൽ, ഹരിത കേരളം മിഷൻ ഉപാധ്യക്ഷ ഡോ. ടി. എൻ. സീമ, സർക്കാരിന്റെ വികസന ഉപദേഷ്ടാവ് സി. എസ്. രഞ്ജിത്ത് എന്നിവർ സന്നിഹിതരായിരുന്നു.

ശില്പശാല താഴെത്തട്ടിൽ എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 21000 ത്തോളം വരുന്ന ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ശില്പശാല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാണുന്നതിനുള്ള സൗകര്യമൊരുക്കിയിരുന്നു. കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയും HYPERLINK "http://www.victers.itschool.gov.in/"www.victers.itschool.gov.in എന്ന വെബ് സൈറ്റിലൂടെയും ശില്പശാല തത്സമയം സംപ്രേക്ഷണം ചെയ്തു. ശില്പശാല വീക്ഷിക്കുന്നതിനോടൊപ്പം ഇതു സംബന്ധിച്ച ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങളും സംശയങ്ങളും web.app.ikm.gov.in/navakeralam എന്ന വെബ് സൈറ്റിലൂടെ അറിയിക്കുന്നതിനുള്ള സൗകര്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരുക്കിയിരുന്നു.

നവംബർ 27 ഉച്ചയ്ക്ക് രണ്ട് മണിക്ക് നടന്ന ‘ലൈഫ് മിഷൻ അവലോകനവും ഭാവിപരിപാടികളും’ സെഷനിൽ മന്ത്രി എ.സി.മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ടി.പി.രാമകൃഷ്ണൻ, ജെ.മേഴ്സിക്കുട്ടി അമ്മ എന്നിവർ വകുപ്പുതല പദ്ധതിസംയോജനത്തെ കുറിച്ച് സംസാരിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറിമാരായ ടി. കെ. ജോസ് ഐഎഎസ്, പി.എച്ച്.കുര്യൻ

ഭൂമിയുള്ള ഭവനരഹിതർക്കായി 50,000 വീടുകളുടെ നിർമാണം ആരംഭിച്ചു. തണ്ണീർത്തടം, സി. ആർ. സെഡ് പ്രശ്നങ്ങൾ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് പരിഹരിക്കണം.

നവകേരളം കർമ്മപദ്ധതി ശില്പശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

ഐഎഎസ്, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം. ശിവശങ്കർ ഐഎഎസ്, എ. അജിത് കുമാർ (മാനേജിംഗ് ഡയറക്ടർ, KURFDC), കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎ എസ്, MGNREGS മിഷൻ ഡയറക്ടർ ദിവ്യ എസ്.അയ്യർ ഐഎഎസ് തുടങ്ങിയവർ പങ്കെടുത്തു.

വൈകുന്നേരം 4.30 ന് നടന്ന ഹരിതകേരളം മിഷൻ അവലോകനവും ഭാവിപരിപാടികളും സെഷനിൽ കൃഷിമന്ത്രി അഡ്വ.വി.എസ്. സുനിൽ കുമാർ സംസാരിച്ചു. ഹരിതകേരള മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ അദ്ധ്യക്ഷപ്രസംഗം നടത്തി. അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ. ജോസ് ഐ എ എസ്, കാർഷികോല്പാദന കമ്മീഷണർ ദേവേന്ദ്രകുമാർ സിംഗ് ഐ എ എസ്, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ ഐ എ എസ് എന്നിവർ പ്രവർത്തന അവലോകനവും ഭാവിപരിപാടികളും അവതരിപ്പിച്ചു.

നവംബർ 28 ന് രാവിലെ 9.30 ന് ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട സെഷനിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എ. ഷാജഹാൻ ഐ എ എസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. വി. മോഹൻ കുമാർ ഐ എ എസ് എന്നിവർ മിഷൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തുടർന്ന് നടന്ന ആർദ്രം മിഷൻ അവലോകനവും ഭാവിപരിപാടികളും സെഷനിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ ഐ എ എസ്, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ബി.ഇക്ബാൽ, ആർദ്രം മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേശവേന്ദ്രകുമാർ ഐ എ എസ് തുടങ്ങിയവർ ഭാവി പ്രവർത്തന പരിപാടി വിശദീകരിച്ചു.

തുടർന്ന് ഉച്ചയ്ക്ക് 2 മണിക്ക് മിഷനുകളുടെ സാമ്പത്തികവശങ്ങളും ജനകീയാസൂത്രണവുമായുള്ള ഏകോപനവും സെഷനിൽ ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് വിഷയാവതരണം നടത്തി. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ.രാമചന്ദ്രൻ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.വി.വേണു ഐ എ എസ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ എന്നിവർ പങ്കെടുത്തു.

സമാപന സെഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ ക്രോഡീകരണ സന്ദേശം നൽകി. മന്ത്രിമാരായ എ.സി. മൊയ്തീൻ, ഇ.ചന്ദ്രശേഖരൻ, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ. കൃഷ്ണൻകുട്ടി, അഡ്വ. വി.എസ്. സുനിൽ കുമാർ, കെ.കെ.ശൈലജ ടീച്ചർ, പ്രൊഫ.സി. രവീന്ദ്രനാഥ്, സർക്കാരിന്റെ വികസന ഉപദേഷ്ടാവ് സി.എസ്. രഞ്ജിത് തുടങ്ങിയവർ പങ്കെടുത്തു. ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.വിശ്വാസ് മേത്ത ഐ എ എസ് കൃതജ്ഞത രേഖപ്പെടുത്തി. ഓരോ സെഷനിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന അസോസിയേഷൻ പ്രതിനിധികൾ പങ്കെടുത്ത ചർച്ചയും ഉണ്ടായിരുന്നു.

നവകേരളം ശില്പശാല കർമ്മപദ്ധതി

മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം

പിണറായി വിജയൻ, മുഖ്യമന്ത്രി

നവകേരളം കർമ്മപദ്ധതി അവലോകനത്തിനായി തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ ശില്പശാലയുടെ സമാപന സെഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ നല്കിയ ക്രോഡീകരണ സന്ദേശത്തിൽ നിന്ന്

കേരളത്തിലെ ജനങ്ങൾക്ക് വീട് ഉറപ്പുവരുത്തുന്നതിനും ആരോഗ്യവും വിദ്യാഭ്യാസവും നല്ല നിലയിൽ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. അതോടൊപ്പംതന്നെ കേരളത്തിന്റെ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഉറപ്പുവരുത്തു ന്നതിനും ജലവിഭവങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ലക്ഷ്യംവെച്ചുകൊണ്ടാണ് ഹരിതകേരള മിഷനും ആരംഭിച്ചിട്ടുള്ളത്.

കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ഈ മിഷനുകളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് പുനർനിർമ്മാണവുമായി ബന്ധപ്പെടുത്തി മുന്നോട്ടുപോകുന്ന കാര്യം ആലോചിക്കണമെന്നാണ് ഉദ്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചിരുന്നത്. നിങ്ങളുടെ അനുഭവങ്ങൾ പരസ്പരം പങ്കുവെയ്ക്കുമ്പോൾ അത്തരം അനുഭവങ്ങൾ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഇടയാക്കുമെന്നും ഓർമ്മിപ്പിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മിഷൻ പ്രവർത്തനങ്ങൾ എങ്ങനെ ഫലപ്രദമായി നടത്താനാകും എന്ന് ചർച്ച ചെയ്തിട്ടുണ്ടാകും എന്ന് വിചാരിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

- പൊതുവിദ്യാഭ്യാസ യജ്ഞത്തെ സംബന്ധിച്ച് വകുപ്പുതല പ്രവർത്തനം പോരെന്നും ജനകീയ ഇടപെടൽ ഉണ്ടാകണമെന്നുമുള്ള നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. നവോത്ഥാന ചിന്താഗതികളും ഭരണഘടനയും പഠിപ്പിക്കുന്നതിനുള്ള ഇടപെടലുകളും ഉണ്ടാകണമെന്ന ചർച്ചയും ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം തീർച്ചയായും പരിഗണിക്കേണ്ടതായിട്ടുണ്ട്. നവോത്ഥാനത്തെ പഠനപദ്ധതിയുടെ ഭാഗമാക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രധാനമാണ്.
- സമഗ്ര പോർട്ടൽ ഉപയോഗിച്ച് ക്ലാസ്സുകൾ നടക്കുന്നുണ്ടോ എന്ന കാര്യം ശരിയായ രീതിയിൽ വിലയിരുത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ യജ്ഞം എന്നത് കേവലമായ പഠനസൗകര്യങ്ങൾ ഒരുക്കുന്ന ഒന്നായി മാത്രം മാറരുത്. ആ സൗകര്യങ്ങൾ ഉപയോഗിച്ച് പഠനപ്രവർത്തനം ഫലപ്രദമായി നടക്കണം. അക്കാര്യം ഉറപ്പുവരുത്തുക എന്നത് പ്രധാനമാണ്.
- ലബോറട്ടറികളും വായനശാലകളും ഏത് നിലയിൽ ഉപയോഗപ്പെടുത്തുന്നു എന്നതും പ്രധാനമാണ്. അക്കാര്യത്തിലും ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്. ലഹരിവിമുക്ത ക്യാമ്പസ് എന്നത് കർശനമായി നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താനുമാവണം.
- പഠനരീതികൾ മാറിയതുകൊണ്ടു മാത്രം കാര്യമില്ല. അദ്ധ്യാപകരും അതിന്റെ ഭാഗമായുള്ള അദ്ധ്യാപനവും മെച്ചപ്പെടുക എന്നതും ഏറെ പ്രധാനമാണ്. അദ്ധ്യാപക സമൂഹവും പ്രാദേശിക സർക്കാരുകളും ജനങ്ങളും ഒന്നിച്ചുചേർന്നുകൊണ്ടുള്ള ഒരു പ്രക്രിയയായി നമ്മുടെ പഠനപ്രവർത്തനം മാറേണ്ടതുണ്ട്.
- വിവിധ തട്ടുകളിൽ സവിശേഷ പദ്ധതികൾ ആവിഷ്ക്കരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ വിദ്യാലയത്തെയും സമൂഹത്തിലെ പൊതു ഇടം എന്ന തരത്തിൽ വികസിപ്പിക്കേണ്ടതുണ്ട്.
- വിദ്യാർത്ഥികൾ പഠനം കഴിയുമ്പോൾ സമൂഹത്തിന് ഗുണപരമായ രീതിയിൽ പ്രവർത്തിക്കുന്നവരാവണമെങ്കിൽ അവർക്ക് ജനാധിപത്യബോധവും സാമൂഹ്യബോധവും വികസിപ്പിക്കേണ്ടതുണ്ട്. സ്കൂൾ പാർലമെന്റുകളെ ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുക എന്നതും പ്രധാനമാണ്. എങ്കിൽ മാത്രമേ നമ്മുടെ ജനാധിപത്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്ന ഒന്നായി പൊതുവിദ്യാഭ്യാസം മാറുകയുള്ളൂ എന്ന ധാരണയും ഉണ്ടാകേണ്ടതുണ്ട്.

നവോത്ഥാന ചിന്താഗതികളും ഭരണഘടനയും പഠിപ്പിക്കുന്നതിനുള്ള ഇടപെടലുകളും ഉണ്ടാകണമെന്ന ചർച്ചയും ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം തീർച്ചയായും പരിഗണിക്കേണ്ടതായിട്ടുണ്ട്.

ശില്പശാലയുടെ സമാപന സെഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ ക്രോഡീകരണ സന്ദേശം നല്കുന്നു.

ശില്പശാലയിലെ മുഖ്യമന്ത്രിയുടെ പ്രസംഗം കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ തദ്ദേശസ്ഥാപനത്തിൽ തത്സമയം കാണുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും.

ഹരിതകേരളം മിഷൻ

ഈ ചർച്ചയിൽ ഓരോ പ്രദേശത്തുമുണ്ടായ അനുഭവങ്ങളെ വിശദീകരിച്ച് അത് മറ്റ് പ്രവർത്തനങ്ങളെ സഹായിക്കുമെന്ന കാര്യം ഓർമ്മിപ്പിച്ചിരുന്നു. അത്തരം അനുഭവങ്ങളെ നിങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളുമായി കണ്ണിചേർക്കുക എന്നതാണ് പ്രധാനം. ഹരിതകേരളം പദ്ധതി മറ്റ് വിവിധ വകുപ്പുകളുമായി കൂടിചേർന്നുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

2018 ഡിസംബർ 8ന് മിഷന്റെ രണ്ടാം വാർഷികവേളയിൽ ഒരു ജലസ്രോതസ്സെങ്കിലും ഏറ്റെടുത്ത് ശുദ്ധീകരിക്കാൻ തയ്യാറാകണമെന്ന നിർദ്ദേശം ഉയർന്നുവന്നതായി കണ്ടു. അത്തരം കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ട്.

- പച്ചക്കറിയിൽ സ്വയംപര്യാപ്തത സാദ്ധ്യമാകുന്ന ഒന്നാണ്. ആ നിലയിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാവണം.
- വരും തലമുറയുടെ ആവശ്യം കൂടി പരിഗണിക്കുന്ന രീതിയിൽ ജലസംരക്ഷണ വിനിയോഗ സംസ്കാരം വികസിപ്പിക്കുക എന്നത് പ്രധാനമാണെന്ന് കണ്ടുകൊണ്ട് ഇടപെടാനാകണം.
- വിവിധ വകുപ്പുകളുടെ ഏകോപനം എന്നത് ഗൗരവമായി കണ്ട് ഇടപെടാനാകണം.
- ജലസ്രോതസ്സുകളെ മാലിന്യവിമുക്തമാക്കുന്നതിന് ജനകീയമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും തയ്യാറാവണം.
- കാർഷികോത്പാദനവും കൃഷിഭൂമിയുടെ വിസ്തൃതിയിൽ വന്ന കുറവും പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇടപെടാനാകണം.
- മാലിന്യസംസ്കരണത്തിന് ആവശ്യമായ പൗരബോധം സൃഷ്ടിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന സേവനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.
- കാർഷികോത്പന്നങ്ങൾക്ക് സ്ഥിരവിപണിയും വിലസ്ഥിരതയും ഉറപ്പുവരുത്തുന്നില്ല എന്ന പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടുക എന്നതും പ്രധാനമാണ്.
- പുതിയ കാലഘട്ടത്തിൽ ഇലക്ട്രോണിക് മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സവിശേഷമായ ശ്രദ്ധയുണ്ടാവണം.
- വൃത്തിയാക്കുന്ന കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്ന സമീപനം ഉണ്ടാകണം. അത് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുമെന്ന് മാത്രമല്ല, നീർത്തടങ്ങളുടെ സംരക്ഷണത്തിനും ഇടയാകും.

ലൈഫ് മിഷൻ

സർക്കാർ മുന്നോട്ടുവെച്ച സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ തദ്ദേശഭരണസ്ഥാപനങ്ങളും ജനങ്ങളും ഏറ്റെടുത്തു എന്നതിൽ വലിയ ചാരിതാർത്ഥ്യമുണ്ട്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഇനി ഊന്നൽ നൽകേണ്ടത്. മിക്കവാറും വീടുകൾ ഗുണഭോക്താക്കൾ നേരിട്ടുതന്നെ നിർമ്മിക്കുകയാണ്. പക്ഷേ ചില ഗുണഭോക്താക്കൾക്കെങ്കിലും ഇക്കാര്യത്തിൽ സർക്കാരിന്റെ ഒരു കൈത്താങ്ങ് ആവശ്യമാണ്. ഇവിടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടത്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യം ഏകദേശം കൈവരിച്ചുവെങ്കിലും 5900 ഓളം വീടുകൾ ഇനിയും ഇത്തരം കൈത്താങ്ങ് ആവശ്യമുള്ളവയാണ്. ഈ വർഷം ഊന്നൽ നൽകുന്നത് സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് വെച്ചു നൽകുന്നതിനാണല്ലോ. ഇവിടെയും 1,84,000 ഗുണഭോക്താക്കളെ തദ്ദേശഭരണസ്ഥാപനങ്ങൾ കണ്ടെത്തി അംഗീകരിച്ചുവെങ്കിലും പകുതിയോളം പേർ മാത്രമാണ് ഇതിനകം വീട് പണി ആരംഭിച്ചിട്ടുള്ളത്. ബാക്കിയുള്ളവർ എന്തുകൊണ്ട് ഇതുവരെ മുന്നോട്ടുവന്നിട്ടില്ല എന്ന് പരിശോധിക്കുകയും ആർജ്ജവമായ ഇടപെടൽ നടത്തുകയും വേണ്ടതുണ്ട്.

ഇക്കാര്യത്തിൽ ഭരണപരമായ ഇടപെടലുകൾ നടത്താൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രശ്നങ്ങൾ പട്ടികപ്പെടുത്തി ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽകൊണ്ടുവരിക എന്നതാണ് അടിയന്തരമായി ചെയ്യേണ്ടത്. സമയബന്ധിതമായി തന്നെ ഇക്കാര്യവും പൂർത്തീകരിക്കേണ്ടതുണ്ട്.

> പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യം ഏകദേശം കൈവരിച്ചുവെങ്കിലും 5900 ഓളം വീടുകൾ ഇനിയും ഇത്തരം കൈത്താങ്ങ് ആവശ്യമുള്ളവയാണ്.

നിലവിലുള്ള അർഹതാ മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്ന ഗുണഭോക്താക്കളുടെ വീട് പണി ഒരു കാരണവശാലും അമാന്ദിച്ചുകൂടാ. ഇതിനുശേഷം മാത്രമേ മറ്റ് ഗുണഭോക്താക്കളുടെ കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ എല്ലാവർക്കും നല്ല ധാരണയുണ്ടാകേണ്ടതുണ്ട്.

അടുത്ത ഘട്ടത്തിൽ ഭൂമിയും വീടും ഇല്ലാത്തവരുടെ പ്രശ്നമാണ് നമ്മൾ പരിഹരിക്കേണ്ടത്. അടിയന്തരമായി ഇക്കാര്യത്തിൽ ചെയ്യേണ്ടത് പ്രാദേശിക തലത്തിൽ ഇതിനായി ഭൂമി കണ്ടെത്തുകയാണ്. ഇതും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

ആർദ്രം മിഷൻ

- നമ്മുടെ ജനങ്ങളിൽ ആരോഗ്യ സേവനങ്ങൾക്ക് സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്നവരുടെ എണ്ണം കഴിഞ്ഞ രണ്ടു വർഷത്തിൽ 40 ശതമാനത്തിൽ എത്തിയിരിക്കുന്നു. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള സമിതികളുടെ കാലാവധി തീരും മുമ്പ് ഇത് 50 ശതമാനമാക്കാൻ നമുക്ക് സാധിക്കണം. ഈ സർക്കാർ കാലാവധിയിൽ 60 ശതമാനമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്.
- കേരളത്തിൽ വികേന്ദ്രീകൃത ആരോഗ്യ മാതൃകയാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ മാതൃകയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കി നടപ്പാക്കുകയാണ് ഇനി നമ്മൾ ലക്ഷ്യമിടുന്നത്.
- പ്രളയാനന്തര പശ്ചാത്തലത്തിൽ പകർച്ച വ്യാധികൾ വ്യാപിപ്പിക്കാതെ തടയാൻ ആരോഗ്യ വകുപ്പിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് അഭിനന്ദനമർഹിക്കുന്നു.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സബ് സെന്ററുകളും ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.
- നാം ഇപ്പോൾ നേരിടുന്ന ജീവിതശൈലീ രോഗങ്ങളും പുത്തൻ പകർച്ചവ്യാധികളും ഉയർത്തുന്ന വെല്ലുവിളികൾ ആർദ്രം മിഷനിലൂടെ നമുക്ക് നേരിടാനാകണം.
- രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ നാം പിന്നോട്ടു പോകുന്നു. തൽഫലമായി രോഗ പ്രതിരോധശേഷി കുറയുന്നു. ചികിത്സാ രീതികളുടെ അതിപ്രസരം, മരുന്നുകളുടെ അനവസരത്തിലുള്ള ഉപയോഗം ഇവ വെല്ലുവിളി ഉയർത്തുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകും. വ്യക്തിഗത പരിഗണന നൽകി നിലവിൽ ആരോഗ്യമുള്ളവരെ ആ രീതിയിൽ തുടരുന്നതിന് സഹായിക്കുന്ന പ്രവർത്തനങ്ങൾ നടത്തണം.
- ആധുനിക വൈദ്യശാസ്ത്രവും പരമ്പരാഗത ആയുഷ് സംവിധാനങ്ങളും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ പ്രതിരോധ പ്രവർത്തനം, ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകാനാകൂ. ചികിത്സയ്ക്ക് നൽകുന്ന പ്രാധാന്യം കുറയ്ക്കാനാകണം.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും ഇ-ഹെൽത്തുമായി ബന്ധപ്പെടുത്തണം. ഇതിന്റെ നടത്തിപ്പിൽ, ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിൽ എന്നിവയിലൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.
- പശ്ചാത്തല സൗകര്യങ്ങൾ തയ്യാറാക്കി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ ഇടങ്ങളിൽ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റും നിയമിച്ച് ആരോഗ്യ വകുപ്പിനോട് പരിശീലനങ്ങളും സഹായവും ആവശ്യപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകണം നമ്മുടെ മാതൃക.
- കേരളത്തിലെ എല്ലാ ആശുപത്രികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഗുണമേന്മ സർട്ടിഫിക്കേഷൻ ആർജ്ജിക്കണം. ദേശീയ മാനദണ്ഡങ്ങളും നമ്മുടെ സ്വന്തം മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹിക ഇടപെടൽ ആവശ്യമാണ്.
- ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ ജനകീയമായി താഴെത്തട്ടിലെത്തിക്കുന്നതിന് ആരോഗ്യ ശുചിത്വ വാർഡ് കമ്മിറ്റികൾ, ആരോഗ്യസേന എന്നിവ പ്രവർത്തന നിരതമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓരോ ജനപ്രതിനിധിയും പ്രത്യേക ശ്രദ്ധ നൽകണം.
- ആദ്യമായി ക്യാൻസർ ആക്ഷൻ പ്ലാൻ ഉണ്ടാക്കിയത് കേരളമാണ്. ക്യാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിന്റെ ലക്ഷ്യം രോഗം നേരത്തെ കണ്ടുപിടിക്കാനും ഫലപ്രദമായി ചികിത്സ നൽകാനും ഉദ്ദേശിച്ചുള്ളതാണ്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള മിഷനുകളുടെ ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. താഴെത്തട്ടിൽ വിവിധ മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കേണ്ടതുണ്ട്. അതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിപൂർണ്ണ ഇടപെടലും മേൽനോട്ടവും ഉണ്ടാകണം. ☐

ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള സമിതികളുടെ കാലാവധി തീരും മുമ്പ് ഇത് 50 ശതമാനമാക്കാൻ നമുക്ക് സാധിക്കണം. ഈ സർക്കാർ കാലാവധിയിൽ 60 ശതമാനമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്.

നവകേരളം ശില്പശാല
കർമ്മപദ്ധതി

മുമ്പേ നടക്കുന്ന കേരളം

എ.സി. മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

നവകേരള കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരുടെയും മിഷൻ - വകുപ്പ് ച്ചുമതലക്കാരുടെയും ദ്വിദിന ശില്പശാലയോടനുബന്ധിച്ച് മന്ത്രി എ.സി. മൊയ്തീൻ മാദ്ധ്യമങ്ങൾക്ക് നൽകിയ ലേഖനത്തിൽ നിന്ന്.

സ്ത്രീശാക്തീകരണത്തിന്റെയും പ്രാദേശികാസൂത്രണത്തിന്റെയും കേരള മാതൃകയെ രാജ്യം ഉറ്റുനോക്കുകയാണ്. കുടുംബശ്രീയുടെ മാതൃക മറ്റ് സംസ്ഥാനങ്ങൾ പകർത്തിയതിനു പിന്നാലെ, കേരളത്തിലെ ജനകീയാസൂത്രണം ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി.പി.ഡി.പി) എന്ന പേരിൽ രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്കും കേന്ദ്ര സർക്കാർ വ്യാപിപ്പിച്ചിരിക്കുന്നു. ജനങ്ങളെ നേരിട്ട് പങ്കെടുപ്പിക്കുന്ന പ്രാദേശികാസൂത്രണം ഇതോടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും നിലവിൽ വരും. കേരളം വികസന കാര്യത്തിൽ പിന്നാക്കം പോകുന്നുവെന്ന ആക്ഷേപമുന്നയിക്കുന്നവർ ഭരണത്തിലിരിക്കുന്ന സംസ്ഥാനങ്ങൾ പോലും കേരളത്തിന്റെ നന്മകൾ ഒന്നൊന്നായി പകർത്തുകയാണ്.

നാടിന്റെ വികസനപ്രശ്നങ്ങളിൽ ജനകീയാഭിപ്രായം സ്വരൂപിച്ച്, ജനശക്തിയുടെ കരുത്തിൽ മുന്നോട്ടു പോവുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന സമീപനത്തിന്റെ കാതൽ. നാടിന്റെ വികസനത്തിൽ തങ്ങൾക്കും പങ്കുണ്ടെന്ന് പൊതുപ്രവർത്തകർക്കൊപ്പം സാധാരണക്കാരും തിരിച്ചറിഞ്ഞതിന്റെ തെളിവായി നവകേരള മിഷനുകളിലെ വമ്പിച്ച ജനപങ്കാളിത്തം. പതിനായിരക്കണക്കിന് സന്നദ്ധ പ്രവർത്തകർ ഒരുമിച്ച് അണിനിരക്കുന്ന ശുചീകരണ യജ്ഞങ്ങളും തണ്ണീർത്തട സംരക്ഷണ ദൗത്യങ്ങളും നാടിന് പുതിയ അനുഭവമായി. വരട്ടാർ, പെരുംതോട് - വലിയതോട്, കുട്ടംപേരൂർ ആറ്, കിള്ളിയാർ സംരക്ഷണ ദൗത്യങ്ങൾ ദേശീയ തലത്തിൽ വരെ ശ്രദ്ധിക്കപ്പെട്ടു. പതിനായിരക്കണക്കിന് ഹെക്ടർ തരിശുനിലം കൃഷിക്ക് ഉപയുക്തമാക്കാൻ കഴിഞ്ഞത് ഹരിത കേരളം ക്യാമ്പയിനിന്റെ വിജയമാണ്. കുടുംബശ്രീ പ്രവർത്തകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നാടെങ്ങും ജൈവ കൃഷിയുടെ വക്താക്കളും പ്രചാരകരുമായി രംഗത്തിറങ്ങിക്കഴിഞ്ഞു. നാടിന്റെ ഹരിതസമൃദ്ധി തിരിച്ചു വരികയാണ്. ഹരിത കർമ്മസേനയുടെ പ്രവർത്തകർ ശുചിത്വത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും പതാകാ വാഹകരായി ജനങ്ങൾക്ക് മുന്നിലുണ്ട്.

കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത്, വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യാപകമായി നടപ്പിലാക്കി വരികയാണ്. അതിനു സമാന്തരമായി കേന്ദ്രീകൃത മാലിന്യസംസ്കരണത്തിനുള്ള സാധ്യതകളും സർക്കാർ ആരായുന്നുണ്ട്. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തെ ഏഴു ജില്ലകളിൽ വലിയ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കും.

ഇന്ത്യ ടുഡേ സ്റ്റേറ്റ് ഓഫ് ദ സ്റ്റേറ്റ്സ് കോൺക്ലേവിന്റെ ഈ വർഷത്തെ പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വ പ്രവർത്തനത്തിനുമുള്ള പുരസ്ക്കാരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചത് ഈ മികവിന്റെ അംഗീകാരമായി കണക്കാക്കാം. എന്നിരുന്നാലും മാലിന്യനിർമ്മാർജ്ജന രംഗത്ത് പ്രത്യേകിച്ച് ദ്രവമാലിന്യ പരിപാലന രംഗത്ത് ഇപ്പോഴും പ്രശ്നങ്ങൾ ബാക്കിയാണ്. ഈ ദിശയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സർക്കാർ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പഴങ്കഥയാക്കി, ഈ അധ്യയന വർഷാരംഭത്തിൽ പൊതു വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്കുണ്ടായി. മുൻവർഷത്തെ അപേക്ഷിച്ച്– 1.8 ലക്ഷം വിദ്യാർത്ഥികളാണ് ഈ വർഷം പൊതു വിദ്യാലയങ്ങളിൽ അധികമായി എത്തിയത്. യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തുടക്കം കുറിച്ച പുതിയ പദ്ധതികൾ പൊതുവിദ്യാലയങ്ങളിലെ പഠന മികവ് മെച്ചപ്പെടുത്തുകയും സ്വകാര്യ വിദ്യാലയങ്ങളോട് മത്സരിക്കാനും അവയെ ബഹുദൂരം പിന്നിലാക്കി മുന്നേറാനും പൊതു വിദ്യാലയങ്ങളെ പ്രാപ്തമാക്കി. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ സ്കൂൾ വീതം മികവിന്റെ കേന്ദ്രമായി മാറും. ഒരു സ്കൂളിന് അഞ്ചു കോടി വീതം 700 കോടി രൂപ ഇതിനു വേണ്ടി ചെലവഴിക്കും.

രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ പൊതുജനാരോഗ്യ രംഗം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മാറുകയാണ്.

ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ക്ഷാമത്തിന് ഒരളവുവരെ പരിഹാരമായി. സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. 2018- 19ൽ 503 കേന്ദ്രങ്ങൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറും.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന "ലൈഫ് " രാജ്യത്തെ ഏറ്റവും ബൃഹത്തായ സംസ്ഥാനാവിഷ്കൃത ഭവന പദ്ധതിയാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കുന്ന ഭവന പദ്ധതികളിൽ നല്കുന്ന യൂണിറ്റ് തുകയോട് അധിക സഹായം കൂടി ചേർത്ത് ലൈഫ് പദ്ധതിയുമായി ഏകീകരിച്ചിട്ടുണ്ട്. ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പായി സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ ദരിദ്രകുടുംബങ്ങൾക്കും സുരക്ഷിതമായ പാർപ്പിടം സ്വന്തമാകും.

വിവിധ ഭവന പദ്ധതികളുടെ ഭാഗമായി സഹായം ലഭിച്ചവരിൽ വീട് പൂർത്തീകരിക്കാൻ കഴിയാതെ പോയവർക്ക് അതിനുള്ള സഹായമെത്തിക്കുകയാണ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സർക്കാർ ചെയ്തത്. ഇങ്ങനെ കണ്ടെത്തിയ, ഒരിക്കലും പൂർത്തീകരിക്കില്ലെന്ന് കരുതിയ 54,036 വീടുകളിൽ, 48,197 എണ്ണവും നവംബർ 20-നകം പൂർത്തീകരിക്കാൻ കഴിഞ്ഞു. ബാക്കിയുള്ള 5,839 വീടുകളുടെ നിർമ്മാണം ഡിസംബർ അവസാനത്തോടെ പൂർത്തിയാവുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

2018-19ൽ 1,84,255 ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾക്കാണ് സഹായമെത്തിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിലെ 1,73,036 ഉം നഗരസഭകളിലെ 11,219 ഉം കുടുംബങ്ങൾ ഇതിൽ ഉൾപ്പെടും. ഇതിൽ 78,565 കുടുംബങ്ങൾ കരാർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. പ്രധാനമന്ത്രി ആവാസ് യോജന(നഗരം) യ്ക്കായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയ 82,487 ൽ 66,607 കുടുംബങ്ങളെ രേഖകളുടെ പരിശോധന പൂർത്തിയാക്കി അർഹരായവരെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 49,883 പേരും നിർമ്മാണം ആരംഭിച്ചു. പിഎംഎവൈ പദ്ധതി പ്രകാരം കേന്ദ്രം നൽകുന്ന 1.5 ലക്ഷത്തിന് പുറമേ 2.5 ലക്ഷം രൂപ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടി ചേർത്ത് കൊണ്ട് ലൈഫ് മാതൃകയിൽ ആണ് സംസ്ഥാന സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നത്.

തീരസംരക്ഷണ /തണ്ണീർത്തട നിയമ വ്യവസ്ഥകൾ പ്രകാരം നിർമ്മാണ അനുമതി ലഭിക്കാൻ തടസ്സമുള്ള ഗുണഭോക്താക്കളുടെ കാര്യത്തിൽ ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി ആവശ്യമായ ക്ലിയറൻസ് ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

ഇവർക്കു പുറമേ, 3,37,416 കുടുംബങ്ങളെ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു നല്കും. 2008 -19ൽ പൈലറ്റ് അടിസ്ഥാനത്തിൽ ജില്ലയിൽ ഒന്നു വീതം 14 സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. ഫെബ്രുവരി 28-നു മുൻപായി എല്ലാ ജില്ലകളിലും ഫ്ളാറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 20 ശതമാനം ലൈഫ് പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. അതിനു പുറമേ, ഹഡ്കോയിൽ നിന്നുള്ള 4000 കോടിയുടെ വായ്പയും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഈ തുകയുടെ പലിശ സർക്കാർ വഹിക്കും. മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗഡുക്കളായി തിരിച്ചടയ്ക്കണം. ഇത്രയധികം നിർമ്മാണ പ്രവൃത്തികൾ ഒരുമിച്ച് നടക്കുന്നത് ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നല്കും. പ്രളയത്തിനു ശേഷമുണ്ടായ പ്രതിസന്ധി മറികട

ശില്പശാലയിൽ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രി എ.സി. മൊയ്തീനും.

നാടിന്റെ വികസന പ്രശ്നങ്ങളിൽ ജനകീയാഭിപ്രായം സ്വരൂപിച്ച്, ജനശക്തിയുടെ കരുത്തിൽ മുന്നോട്ടു പോവുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന സമീപനത്തിന്റെ കാതൽ.

നവകേരള നിർമിതിക്കു സർക്കാർ വകുപ്പുകൾ ഒറ്റക്കെട്ടാകണം: ചീഫ് സെക്രട്ടറി

നവകേരള നിർമിതിക്കായി സർക്കാർ വകുപ്പുകൾ ഒറ്റക്കെട്ടാകണമെന്ന ചീഫ് സെക്രട്ടറി ടോം ജോസ്. നവകേരളമെന്ന ലക്ഷ്യം എത്തിപ്പിടിക്കാനുള്ള ഉത്തരവാദിത്തം ഓരോ സർക്കാർ വകുപ്പുകൾക്കുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ കേരളമെന്ന ലക്ഷ്യപ്രാപ്തിയിലേക്കായി നടപ്പാക്കുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം മിഷനുകൾ ഏറെ വിജയകരമായി മുന്നേറുകയാണെന്ന ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. നിലവിൽ ഓരോ വകുപ്പുകൾക്കും കീഴിലാണ് ഈ മിഷനുകളുടെ പ്രവർത്തനം. അതുകൊണ്ടുതന്നെ പ്രത്യേക വിഭാഗങ്ങളായി നിന്നാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ഈ രീതി മാറി സമഗ്രവും കേന്ദ്രീകൃതവുമായ കാഴ്ചപ്പാടും ചർച്ചകളുമുണ്ടാകണം.

നവകേരളം സൃഷ്ടിക്കാനുള്ള നടപടികൾക്കൊപ്പം തദ്ദേശ സ്ഥാപനങ്ങൾ, പൗരസമിതികൾ, ബഹുജന സംഘടനകൾ, എൻ.ജി.ഒകൾ, ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ക്കാൻ നിർമ്മാണ മേഖലയിലെ ഈ ഉണർവ്വ് ഒരു പരിധിവരെ സഹായകരമാവും.

നവകേരള മിഷനുകളുമായി ബന്ധപ്പെട്ട വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ മാത്രമല്ല, മറ്റ് രംഗങ്ങളിലും ഇതേ മുന്നേറ്റം കാണാനാവും. ഒച്ചിന്റെ വേഗത്തിൽ ഇഴഞ്ഞിരുന്ന വൻകിട പദ്ധതികളുടെ പുരോഗതിയും ഇപ്പോൾ ശരവേഗത്തിലാണ്.

40,000 കോടിയോളം രൂപയുടെ ആസ്തികളും സ്വത്തുക്കളും അതിനു പുറമേ, കണക്കില്ലാത്ത ജീവനോപാധികളും വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടിട്ടും കേരളം തളർന്നില്ല. നൂറ്റാണ്ടിന്റെ പ്രളയത്തെ നമ്മൾ നേരിട്ട രീതി ലോകം വിസ്മയത്തോടെയാണ് കണ്ടത്. പ്രതിസന്ധികളെ കൂസാത്ത കേരളത്തിന്റെ മുഖ്യമന്ത്രിയെ ആത്മവീര്യമുള്ള മലയാളിയുടെ പ്രതീകമായി ലോക മാധ്യമങ്ങൾ കണ്ടു. പ്രളയം ഏല്പിച്ച ആഘാതം അതിജീവിച്ച്, മാസങ്ങൾക്കകം, വികസനത്തിന്റെ പന്ഥാവിലേക്ക് കേരളം തിരിച്ചെത്തിയത് അഭിമാനകരമാണ്. ജനങ്ങളുടെ ഐക്യത്തെ ഭയപ്പെടുന്നവർ പുതിയ കൗശലങ്ങളുമായി രംഗത്തെത്തിയിരിക്കുന്നു. അവരെ പരാജയപ്പെടുത്താനുള്ള ആർജ്ജവവും വിവേകവും കേരളത്തിനുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരിച്ചു കൊണ്ടുവരാൻ ശ്രമിക്കുന്നവർ ജനങ്ങൾക്കിടയിൽ ഒറ്റപ്പെടുക തന്നെ ചെയ്യും. വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതു മാത്രമല്ല, ഛിദ്രശക്തികൾക്കെതിരെ ജനങ്ങളെ ഒരുമിപ്പിച്ചു നിർത്തുന്നതും പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്.

കേരളത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയാണ് ജനകീയാസൂത്രണത്തിന്റെ തായ് വേര്. ജാതിയുടെയും മതത്തിന്റെയും ആചാരങ്ങളുടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്നവർ കേരളത്തിന്റെ വികസന സംസ്കാരത്തെ പിറകോട്ടടിപ്പിക്കും. ജാതി പഞ്ചായത്തുകൾ വാഴുന്ന ഉത്തരേന്ത്യയുടെ മാതൃകകളെ താലപ്പൊലിയെടുത്ത് സ്വീകരിക്കാൻ കേരളം തയ്യാറല്ല. കേരളത്തിൽ ജാതി പഞ്ചായത്തുകളില്ല, ഇനിയുള്ള കാലത്ത് ഉണ്ടാവുകയുമില്ല.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉന്നതമായ പൗരബോധത്തിന്റെ വേദികളാണ്. എല്ലാ പൗരൻമാർക്കും തുല്യാവകാശമുള്ള വാർഡ്/ ഗ്രാമസഭകളാണ് പ്രാദേശിക ജനാധിപത്യത്തിന്റെ കരുത്ത്. വർഗീയ വികാരമിളക്കി ഈ സമഭാവന തകർക്കാൻ ശ്രമിക്കുന്നവർക്കെതിരായ ജാഗ്രത കേരളത്തിന്റെ വികസന തുടർച്ചയ്ക്ക് അനിവാര്യമാണ്.

കേരള വികസനത്തിന്റെ സാധ്യതകളും പരിമിതികളും ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. പ്രളയാനന്തര സാഹചര്യം സംസ്ഥാനത്തിന്റെ വികസന സങ്കല്പങ്ങൾക്ക് കൂടുതൽ ചാരുത

കേരളം പോലെ ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത്, ദീർഘകാല ലക്ഷ്യങ്ങളോടെ പാരിസ്ഥിതിക സവിശേഷതകൾ കണക്കിലെടുത്തു വേണം വികസനത്തിന്റെ മുൻഗണനയും ഊന്നലുകളും കരുപ്പിടിപ്പിക്കാൻ.

തൽസമയം പങ്കെടുത്തത് മുപ്പതിനായിരത്തോളം പേർ

കേരളത്തിലെ തദ്ദേശസ്വയംഭരണ ചരിത്രത്തിൽ സുതാര്യതയുടെ പുതിയ അധ്യായമെഴുതി നവകേരളശിൽപ്പശാല തൽസമയം വീക്ഷിച്ചത് 30,000- ഓളം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും.

സംസ്ഥാനത്തെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ശിൽപശാല തൽസമയം പ്രദർശിപ്പിച്ചു. 941 ഗ്രാമപ്പഞ്ചായത്തുകളുടെയും 152 ബ്ലോക്ക് പഞ്ചായത്തുകളുടെയും 14 ജില്ലാ പഞ്ചായത്തുകളുടെയും ആറ് കോർപ്പറേഷനുകളുടെയും 87 നഗരസഭകളുടെയും അധ്യക്ഷൻമാരോ അവരുടെ പ്രതിനിധികളോ പങ്കെടുത്ത പരിപാടി വിക്ടേഴ്സ് ചാനലാണ് തൽസമയം സംപ്രേക്ഷണം ചെയ്തത്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരുമിച്ചിരുന്ന് പരിപാടി വീക്ഷിക്കാനും ഓൺലൈനായി ചോദ്യങ്ങൾ ഉന്നയിക്കാനും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരസഭകളും അവസരമൊരുക്കിയിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻമാരും ജനപ്രതിനിധികളും ഉന്നയിച്ച സംശയങ്ങളും നവകേരള മിഷനുകളുടെ പ്രവർത്തനം സംബന്ധിച്ച ആശങ്കകളും ശിൽപ്പശാല ചർച്ച ചെയ്തു. പ്രേക്ഷകരുടെ അഭിപ്രായങ്ങളും സംശയങ്ങളും തൽസമയം അറിയിക്കാനുള്ള സൗകര്യവും ഒരുക്കിയിരുന്നു. ഓൺലൈനായി ലഭിച്ച 500-ഓളം ചോദ്യങ്ങളും സദസ്സിൽ നിന്നുയർന്ന സംശയങ്ങളും ചർച്ച ചെയ്തു. ശിൽപശാലയിൽ രൂപപ്പെടുന്ന പൊതു അഭിപ്രായങ്ങൾക്കനുസരിച്ച് പുതിയ തീരുമാനങ്ങളും നടപടികളും ഉണ്ടാകുമെന്ന് ആദ്യ സെഷനിൽ അധ്യക്ഷനായ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു.

ഇത്രയധികം ജനപ്രതിനിധികൾ തൽസമയം പങ്കെടുക്കുന്ന പരിപാടി സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്.

പകർന്നിരിക്കുന്നു. സുസ്ഥിരമായ അടിത്തറയിൽ പുതിയൊരു കേരളം കെട്ടിപ്പടുക്കാനാണ് നമ്മുടെ ശ്രമം. പ്രളയത്തിന്റെ അനുഭവത്തിനു ശേഷം, നമ്മുടെ വികസന ദൗത്യങ്ങളുടെ മുൻഗണനകൾ കൂടുതൽ ആഴവും അർത്ഥവും കൈവരിച്ചിരിക്കുന്നു. അവഗണിക്കപ്പെട്ടു പോന്ന സൂക്ഷ്മാംശങ്ങൾക്ക് തിളക്കം കൈവന്നിരിക്കുന്നു. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നടക്കം അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് നവകേരള നിർമ്മാണം പുരോഗമിക്കുന്നത്. കൂടുതൽ നിർദ്ദേശങ്ങളും നവംനവങ്ങളായ ആശയങ്ങളും ഇനിയും ഉണ്ടാവണം.

എവിടെയുമെന്നപോലെ കേരളത്തിലും വികസന പ്രശ്നങ്ങളുടെ സ്വഭാവം മാറുകയാണ്; അതോടൊപ്പം പുതിയ പ്രതിസന്ധികളും തലയുയർത്തുന്നുണ്ട്. ഏറെ പ്രത്യേകതകളുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ വികസന പരിപാടി മറ്റുള്ളവരുടേതിൽ നിന്ന് വ്യത്യസ്തമാണ്. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രമെടുത്താൽ, മലനാടിന്റെയും തീരപ്രദേശത്തിന്റെയും നല്ലൊരു ഭാഗം പരിസ്ഥിതിലോലമാണ്. കേരളം പോലെ ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത്, ദീർഘകാല ലക്ഷ്യങ്ങളോടെ പാരിസ്ഥിതിക സവിശേഷതകൾ കണക്കിലെടുത്തു വേണം വികസനത്തിന്റെ മുൻഗണനയും ഊന്നലുകളും കരുപ്പിടിപ്പിക്കാൻ. പരിസ്ഥിതിക്കു കോട്ടം തട്ടാതെ എങ്ങനെ വികസന പ്രവർത്തനങ്ങൾ നടത്താമെന്ന ശാസ്ത്രീയ കാഴ്ചപ്പാടും ആസൂത്രണവും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഉണ്ടാവണം. പൊതുവായ നിർദ്ദേശങ്ങൾ മാത്രമേ സംസ്ഥാന സർക്കാർ നല്കുന്നുള്ളൂ. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ പ്രത്യേകതകൾ കണക്കിലെടുത്താവണം അതതിടത്തെ പ്രാദേശികാസൂത്രണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുതിയ വാർഷിക പദ്ധതി രൂപീകരണം നടക്കുകയാണല്ലോ. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഓരോന്നിന്റെയും വിശദാംശങ്ങൾ തീരുമാനിക്കുന്നതിലും അവധാനതയും ആഴത്തിലുള്ള പഠനവും ഉണ്ടാവണമെന്ന് സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലെ വാർഷിക പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവ്വഹണത്തിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മനസ്സ് വയ്ക്കണം. പ്രളയത്തെ അതിജീവിച്ച അതേ ആത്മവീര്യത്തോടെ നവകേരള നിർമ്മാണത്തിലും നമുക്കൊരുമിക്കാം. □

> പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഓരോന്നിന്റെയും വിശദാംശങ്ങൾ തീരുമാനിക്കുന്നതിലും അവധാനതയും ആഴത്തിലുള്ള പഠനവും ഉണ്ടാവണമെന്ന് സർക്കാർ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

നവകേരളം ശില്പശാല കർമ്മപദ്ധതി

നവകേരളം മിഷൻ ശില്പശാലയിൽ അഡീഷണൽ ചീഫ് സെക്രട്ടറി റ്റി.കെ. ജോസ് അവതരിപ്പിച്ചതിൽ നിന്നും

ലൈഫ്

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

റ്റി.കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.

വിവിധ ഘട്ടങ്ങൾ

ഒന്നാം ഘട്ടം – പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യം ആക്കുകയെന്നതാണ് ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഗുണഭോക്താക്കൾ നേരിട്ടോ ഏജൻസികൾ/ കരാറുകാർ വഴിയോ ഈ ഭവനങ്ങളുടെ പൂർത്തീകരണം നടത്തിവരികയാണ്.

ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലക്ഷ്യമാക്കിയ പൂർത്തികരിക്കാത്ത ഭവനങ്ങളുടെ എണ്ണം 54,036 ആയിരുന്നു. ഇതിൽ 2018 നവംബർ 20 വരെ പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം 48,197 (89.19%). ബാക്കി 5839 വീടുകളുടെ പൂർത്തീകരണം 2018 ഡിസംബർ 31 -നകം പൂർത്തികരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രണ്ടാംഘട്ടം – ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം

2018-19 വർഷത്തിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനധനസഹായം നൽകുന്ന പ്രവർത്തനത്തിൽ ആകെ 1,84255 ഗുണഭോക്താക്കളാണ് ഉൾപ്പെടുന്നത്. രണ്ടാംഘട്ട പദ്ധതി ഗുണഭോക്താക്കളിൽ 1,73,036 പേർ ഗ്രാമപ്രദേശങ്ങളിലുള്ളവരും 11,219 പേർ നഗരപ്രദേശങ്ങളിലുള്ളവരുമാണ്. ഭൂമിയുള്ള ഭവനരഹിതരായ അംഗീകൃത ലൈഫ് മിഷൻ ഗുണഭോക്താക്കളിൽ നാളിതുവരെയുള്ള രേഖകളുടെ പരിശോധന പൂർത്തിയാക്കി ധന സഹായത്തിന് അർഹത നേടിയിട്ടുള്ളത് 78,565 കുടുംബങ്ങളാണ്.

ഇവരുടെ പട്ടിക ശരിയായ സുരക്ഷാ സംവിധാനങ്ങളോടെ സൂക്ഷിക്കുന്നതിനും അവർക്കുള്ള ഫണ്ട് വേഗത്തിൽ ലഭ്യമാക്കുന്നതിനും ഡിജിറ്റൽ സംവിധാനം ഒരുക്കിയിട്ടുണ്ട്.

ധനസഹായം ലഭ്യമാക്കുന്നത്

ഭവന നിർമ്മാണത്തിന് ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. എന്നാൽ വിദൂര പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതാണ്. പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താവിന് 4 ലക്ഷം രൂപയായിരിക്കും ധനസഹായമായി ലഭ്യമാകുക. ധനസഹായം 4 ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 5 ഗഡുക്കളായാണ് ഇത് വിതരണം ചെയ്യുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഹഡ്കോ വായ്പാവിഹിതം എന്നിവയോടൊപ്പം സംസ്ഥാന പദ്ധതി വിഹിതമായ ഒരുലക്ഷംരൂപ (വിദൂരസ്ഥിത സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് മൂന്ന ലക്ഷം) കൂടിച്ചേർന്നതാണ് ഈ വീടുകളുടെ പൂർത്തീകരണത്തിനുള്ള ധനസ്രോതസ്സ്. ഈ വീടുകൾക്കുള്ള ആകെ ധനസഹായമായ നാലുലക്ഷം രൂപയുടെ (വിദൂരസ്ഥിത സങ്കേതങ്ങളിലെ പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ആറു ലക്ഷം) ധന സ്രോതസ് അനുസരിച്ചുള്ള ഗഡുക്കളുടെ ക്രമീകരണം നിലവിൽ താഴെ കൊടുക്കുന്നവിധമാണ്.

പൂർത്തീകരിക്കാത്ത വീടുകളുടെ കണക്ക് 20.11.2018 വരെയുള്ളത്

ജില്ല	പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം	ശതമാനം	ബാക്കിയുള്ള വീടുകൾ
തിരുവനന്തപുരം	5899	5571	94.44	328
കൊല്ലം	3761	3538	94.07	223
പത്തനംതിട്ട	1198	1158	96.66	40
ആലപ്പുഴ	2832	2550	90.04	282
കോട്ടയം	1146	1039	90.66	107
ഇടുക്കി	3195	2869	89.8	326
എറണാകുളം	1068	1049	98.22	19
തൃശ്ശൂർ	2876	2711	94.26	165
പാലക്കാട്	8195	6939	84.67	1256
മലപ്പുറം	2814	2605	92.57	209
കോഴിക്കോട്	6662	5947	89.27	715
വയനാട്	8880	7181	80.87	1699
കണ്ണൂർ	2587	2380	92	207
കാസർഗോഡ്	2923	2660	91	263
ആകെ	54036	48197	89.19	5839

നിർമ്മാണ ഘട്ടം	ധനസഹായ നിരക്ക് (ശതമാനം)	ധനസഹായ നിരക്ക് (പട്ടികവർഗ്ഗ വിഭാഗം) (%)
കരാർ വയ്ക്കുമ്പോൾ	10	15
ബെയ്സ്മെന്റ് പൂർത്തിയാക്കുമ്പോൾ	40	20
ലിന്റിൽ പൂർത്തിയാകുമ്പോൾ	25	35
മേൽക്കൂര പൂർത്തിയായി വീട് വാസയോഗ്യമാകുമ്പോൾ	25	20
പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ് തുടങ്ങിയവ പൂർത്തിയാക്കുമ്പോൾ	ബാധകമല്ല	10

ലൈഫ് മിഷൻ രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി
(17.11.2018വരെയുള്ളത്)

തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം	- 78565
ഒന്നാംഘട്ട നിർമ്മാണം (ബേസ്മെന്റ് വരെ) പൂർത്തിയാക്കിയവ	- 48972
രണ്ടാം ഘട്ട നിർമ്മാണം (ലിന്റൽ വരെ) പൂർത്തിയാക്കിയവ	- 7110
മൂന്നാം ഘട്ട നിർമ്മാണം (മേൽക്കൂര വരെ) പൂർത്തിയാക്കിയവ	- 3164
ആകെ പൂർത്തിയായ ഭവനങ്ങൾ	- 354

വായ്പാവിഹിതവും സംസ്ഥാന പദ്ധതി വിഹിതവും തദ്ദേശഭരണസ്ഥാപനങ്ങൾ ഓൺലൈനായി സമർപ്പിക്കുന്ന ഡിമാൻഡിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് അനുവദിച്ചു നൽകുക. ഭവന നിർമ്മാണ പുരോഗതിക്കനുസരിച്ച് ഓരോ ഗഡുവും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളാണ്.

ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം ഗുണഭോക്താക്കൾ പൂർത്തിയാക്കേണ്ടതാണ്. 400ച.അടി തറവിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് മിഷൻ പദ്ധതിയിൽ നിർമ്മിക്കേണ്ടത്. 5% വരെ തറവിസ്തീർണ്ണത്തിൽ വ്യതിയാനം വരാവുന്നതാണ്. ഇതിലേക്കായി 12 വ്യത്യസ്ത ഭവന നിർമ്മാണ ഡിസൈനുകൾ ലൈഫ് മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഏതെങ്കിലും ഒരു ഡിസൈൻ ഗുണഭോക്താവിന് തെരഞ്ഞെടുത്ത് ഭവന നിർമ്മാണം നടത്താവുന്നതാണ്.

PMAY (Urban)

PMAY(U) ഭവന പദ്ധതിയിൽ 82,487 വീടുകൾ അനുവദിക്കുകയും തുടർന്ന് നടത്തിയ പരിശോധനയിൽ അനർഹരായവരെ ഒഴിവാക്കി ബാക്കിയുള്ള 66,607 അർഹരെ കണ്ടെത്തി. ഇതിൽ 49,883 പേർ കരാറിൽ ഏർപ്പെടുകയും 8,646 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

തീരസംരക്ഷണ / തണ്ണീർത്തട നിയമ വ്യവസ്ഥ

ആകെയുള്ള 1,84,255 ഗുണഭോക്താക്കളിൽ 78,565 പേർ മാത്രമാണ് ഇപ്പോൾ എല്ലാ നിർബന്ധിത രേഖകളും പരിശോധന പൂർത്തിയാക്കി ധനസഹായത്തിന് അർഹത നേടിയിട്ടുള്ളത്. ബാക്കിയുള്ളവർക്ക് രേഖകൾ ഹാജരാക്കാൻ സർക്കാർ സഹായം നൽകും. തീരസംരക്ഷണ / തണ്ണീർത്തട നിയമ വ്യവസ്ഥകളാണ് വീടിന് അനുമതി ലഭിക്കുന്നതിന് തടസ്സമെങ്കിൽ ജില്ലാതലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ അദാലത്ത് നടത്തി നിയമങ്ങൾ അനുസരിച്ചുള്ള ക്ലിയറൻസുകൾ ലഭ്യമാക്കും.

ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം ഗുണഭോക്താക്കൾ പൂർത്തിയാക്കേണ്ടതാണ്.

മൂന്നാം ഘട്ടം ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന സമുച്ചയങ്ങൾ

ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ പുനരധിവാസ പ്രവർത്തനമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. 3,37,416 ഗുണഭോക്താക്കളാണ് ഇതിനായി ഗ്രാമസഭകൾ അംഗീകരിച്ച പട്ടികയിലുള്ളത്. ഈ പട്ടികയുടെയും വിശദപരിശോധനയും ഏറ്റവും അർഹരായവർക്ക് ആദ്യം വീടു ലഭിക്കത്തക്കവിധം മുൻഗണനാ ക്രമം നിശ്ചയിക്കലും നടത്തേണ്ടതുണ്ട്. 2018-19ൽ തന്നെ ഓരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഓരോ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും അതിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ സാമൂഹിക ശാക്തീകരണ പ്രവർത്തനത്തിനുള്ള മാതൃക വികസിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പൈലറ്റ് ഭവന സമുച്ചയ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിലേക്കായി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെയും ഹാബിറ്റാറ്റ് ടെക്നോളജിയെയും പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസികളായി ചുമതലപ്പെടുത്തി. സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ്, ഡിസൈൻ, പ്ലാൻ, ടെണ്ടർ ഡോക്യുമെന്റ് എന്നിവ തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനായി ലൈഫ് മിഷന് നൽകണം. വർക്ക് ആരംഭിക്കുമ്പോൾ അതിന്റെ മേൽനോട്ടം PMC-കളെ ഏൽപ്പിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഭവന സമുച്ചയ നിർമ്മാണ മേൽനോട്ടം തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്കും എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ മേൽനോട്ടം ഹാബിറ്റാറ്റ് ടെക്നോളജിക്ക് നൽകുവാനും തീരുമാനിച്ചു.

പൈലറ്റ് ഭവന സമുച്ചയങ്ങൾക്ക് പുറമേ ഈ 14 ജില്ലകളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിട്ട് നൽകിയ സ്ഥലങ്ങളും ജില്ലാ കളക്ടർമാർ കണ്ടെത്തിയതുമായ സ്ഥലങ്ങളും ഉപയോഗപ്പെടുത്തുന്നതാണ്. ഈ കണ്ടെ

പൈലറ്റ് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ			
ജില്ല	ഭവന സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം	ഭവന സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം	ലഭ്യമായ ഭൂമി
തിരുവനന്തപുരം	കരിമഠം കോളനി	തിരുവനന്തപുരം കോർപ്പറേഷൻ	50 സെന്റ്
കൊല്ലം	പുനലൂർ TB ജംഗ്ഷന് സമീപം	പുനലൂർ മുനിസിപ്പാലിറ്റി	46 സെന്റ്
പത്തനംതിട്ട	മുടിയൂർക്കോണം മന്നത്ത് ഭാഗം	പന്തളം മുനിസിപ്പാലിറ്റി	70 സെന്റ്
ആലപ്പുഴ	ചാത്തനാട്	ആലപ്പുഴ മുനിസിപ്പാലിറ്റി	50 സെന്റ്
കോട്ടയം	ചെമ്പോല	വിജയപുരം ഗ്രാമപഞ്ചായത്ത്	55.96 സെന്റ്
ഇടുക്കി	വണ്ണപ്പാറ വർഡ്	കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്	268 സെന്റ്
എറണാകുളം	ഗാന്ധിനഗർ, ഡിവിഷൻ നം 63	ജി.സി.ഡി.എ കൊച്ചിൻ	70 സെന്റ്
തൃശ്ശൂർ	ചരൽപ്പറമ്പ്	വടക്കാഞ്ചേരി മുനിസിപ്പാലിറ്റി	234 സെന്റ്
പാലക്കാട്	വെള്ളപ്പന	ചിറ്റൂർ – തത്തമംഗലം മുനിസിപ്പാലിറ്റി	42 സെന്റ്
മലപ്പുറം	ഒടിയൻ ചോല ഇരവിമംഗലം	പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി	687 സെന്റ്
കോഴിക്കോട്	പൊൻപാറക്കുന്ന്	മാവൂർ ഗ്രാമപഞ്ചായത്ത്	266 സെന്റ്
വയനാട്	ചേതാലയം ഫോറസ്റ്റ് റേഞ്ച് ഓഫിസിന് സമീപം	സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി	50 സെന്റ്
കണ്ണൂർ	തട്ടപറമ്പ	കടമ്പൂർ ഗ്രാമപഞ്ചായത്ത്	41 സെന്റ്
കാസർഗോഡ്	ചട്ടഞ്ചാൽ ജംഗ്ഷന് സമീപം	ചെമ്മനാട് ഗ്രാമപഞ്ചായത്ത്	50 സെന്റ്

ത്തിയ സ്ഥലങ്ങളുടെ സാങ്കേതിക പഠനത്തിന് അതാത് ജില്ലകളിൽ ചുമതലയുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസികളുടെ സഹായം തേടുന്നതാണ്.

ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2019 ഫെബ്രുവരി 28-ന് മുമ്പായി തുടങ്ങുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്.

നാലാംഘട്ടം വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം

വാസയോഗ്യമല്ലാത്ത വീടുകളിൽ കുറെയൊക്കെ പുനർനിർമ്മിക്കേണ്ടി വരുമെങ്കിലും ഏറെയും നല്ലരീതിയിൽ അറ്റകുറ്റപ്പണി നടത്തി വീണ്ടും വാസയോഗ്യമാക്കാമെന്ന കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ ഈ കണക്കുകൂട്ടലുകളൊക്കെ തകർക്കുന്ന തരത്തിലാണ് പ്രകൃതിക്ഷോഭം താണ്ഡവമാടിക്കടന്നുപോയത്. വാസയോഗ്യമല്ലാത്ത വീടുകളിൽ നല്ലൊരു പങ്കും തകർന്നുപോയവയിൽ ഉൾപ്പെട്ടിരിക്കാം. ദുരന്തബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആശ്വാസ നടപടികൾ വഴി കിടപ്പാടം നഷ്ടപ്പെട്ട കുറേപ്പേർക്ക് പ്രശ്നപരിഹാരവും സാദ്ധ്യവുമായിരിക്കാം. ലൈഫ് മിഷന്റെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസം പുരോഗമിക്കുന്ന മുറയ്ക്ക് വാസയോഗ്യമല്ലാത്ത വീടുകളുടെ കണക്കെടുപ്പ് നടത്തേണ്ടി വരും. ഇത് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തുന്നതാണ്.

□

ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2019 ഫെബ്രുവരി 28-ന് മുമ്പായി തുടങ്ങുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്.

തോട്ടം തൊഴിലാളികൾക്കു വീട് നൽകുന്നതും ലൈഫിന്റെ ഭാഗമാക്കണം: മന്ത്രി ടി.പി. രാമകൃഷ്ണൻ

സംസ്ഥാനത്ത് 32454 തോട്ടം തൊഴിലാളികൾ ഭൂമിയോ വീടോ ഇല്ലാത്തവരാണെന്ന് തൊഴിൽ വകുപ്പ് നടത്തിയ സർവെയിൽ കണ്ടെത്തിയിട്ടുണ്ട്.

ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കു വീട് നിർമിച്ചു നൽകുന്നതും ലൈഫ് പദ്ധതിയുടെ ഭാഗമാക്കണമെന്ന് തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഒന്നിച്ചു പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നടക്കുന്ന നവകേരളം കർമപദ്ധതി സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് 32454 തോട്ടം തൊഴിലാളികൾ ഭൂമിയോ വീടോ ഇല്ലാത്തവരാണെന്ന് തൊഴിൽ വകുപ്പ് നടത്തിയ സർവെയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഇതിൽ ചെറിയൊരു ഭാഗം മാത്രമേ ഭവന നിർമാണ പദ്ധതിയുടെ ഭാഗമായി വന്നിട്ടുള്ളൂ. ബാക്കിയുള്ളവർക്കു കൂടി ഭൂമിയും വീടും ലഭ്യമാക്കണം. വീട് വയ്ക്കാൻ ഭൂമിയില്ലാത്തവർക്കു തോട്ടം ഉടമകൾ ഭൂമി നൽകണമെന്നാണ് സർക്കാരിന്റെ നിലപാട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ലൈഫ് പദ്ധതിക്കു വിധേയമായി വീട് നിർമിച്ചു നൽകണം. ഭൂമി ലഭ്യത കുറവുള്ള സ്ഥലങ്ങളിൽ ടൗൺഷിപ്പ് മാതൃകയിൽ വീട് നിർമിച്ചു നൽകുന്നതിനാണ് തൊഴിൽ വകുപ്പ് ആലോചിക്കുന്നത്.

ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമാണത്തിന് സംസ്ഥാനത്തെ ഐ.ടി.ഐ. വിദ്യാർഥികളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ ഓരോ പ്രദേശത്തെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. പ്രളയത്തിൽ അകപ്പെട്ട വീടുകളുടെ വയറിങ്, ഫർണിച്ചർ തുടങ്ങിയവ പൂർവസ്ഥിതിയിലെത്തിക്കുന്നതിന് സംസ്ഥാനത്തെ ഐ.ടി.ഐ വിദ്യാർഥികൾ നൽകിയ പങ്ക് നിസ്തുലമാണെന്നും മന്ത്രി പറഞ്ഞു. □

നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ തൊഴിൽ വകുപ്പുമന്ത്രി ടി.പി. രാമകൃഷ്ണൻ സംസാരിക്കുന്നു.

നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സംസാരിക്കുന്നു.

ലൈഫ് പട്ടികയിൽ കൂടുതൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തണം: മന്ത്രി മേഴ്സിക്കുട്ടിയമ്മ

ലൈഫ് ഗുണഭോക്തൃപട്ടികയിൽ കൂടുതൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തണമെന്നും പദ്ധതി നിർവഹണത്തിൽ ഫിഷറീസ് വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൈകോർക്കണമെന്നും ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നവകേരളം കർമപദ്ധതി സെമിനാറിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് 3,685 മത്സ്യത്തൊഴിലാളികളാണ് ഭൂമിയുണ്ടായിട്ടും വീട് ഇല്ല എന്ന പട്ടികയിലുള്ളത്. ഇവർക്കു വീട് നൽകുന്നതിനു കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയ സർവെയിൽ 1,220 പേരെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയത്. ഇതിൽത്തന്നെ 520 പേരെ മാത്രമേ ആദ്യ ഗഡു നൽകുന്നതിനു തെരഞ്ഞെടുത്തുള്ളൂ. ശേഷിക്കുന്നവരെക്കൂടി പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ഇതിനുള്ള സർവെ നടത്തി പട്ടിക തയാറാക്കി ഫിഷറീസ് വകുപ്പ് പഞ്ചായത്ത് വകുപ്പിനു നൽകും.

ലൈഫ് പദ്ധതി ക്രിയാത്മകമായും വേഗത്തിലും നടപ്പാക്കാൻ വിവിധ വകുപ്പുകൾ തമ്മിൽ സഹകരണം വർധിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. □

സമ്പൂർണ ഗ്രീൻ പ്രോട്ടോക്കോൾ, നൂറോളം ഹരിത വൊളന്റിയർമാർ

കേരളത്തിന്റെ പുനർനിർമാണത്തിനു വഴിവിളക്കാകുന്ന നവകേരളം കർമപദ്ധതി ശിൽപശാല പൂർണമായും ഹരിതചട്ടം പാലിച്ചാണു സംഘടിപ്പിച്ചത്. പ്ലാസ്റ്റിക് പൂർണമായി ഒഴിവാക്കി ജൈവ നിർമിത ഉത്പന്നങ്ങളാണു പരിപാടി നടക്കുന്ന നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിലെ വേദിയിലും പരിസരങ്ങളിലും ഉപയോഗിച്ചത്. ഹരിതചട്ടം ഉറപ്പുവരുത്തുന്നതിനായി നൂറോളം ഹരിത വൊളന്റിയർമാരും സദാ പ്രവർത്തനനിരതരായിരുന്നു.

സംസ്ഥാന ശുചിത്വ മിഷനാണു ഹരിതചട്ട പാലനത്തിനു നേതൃത്വം നൽകിയത്. നാലാഞ്ചിറ സെന്റ് ജോൺസ് സ്കൂളിലെ വിദ്യാർഥികളാണ് ഹരിത വൊളന്റിയർമാരായി സേവനംചെയ്തത്. സ്കൂളുകളിൽ ഹരിതചട്ടം പ്രോഗ്രാം ഓഫിസർമാരായ അധ്യാപകരുടെ 'ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഹരിതചട്ടം പാലിക്കേണ്ടതിലെ ആവശ്യകത വിദ്യാർഥികളിലൂടെ പുതു തലമുറയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമാണ് ഇതിനു പിന്നിൽ.

□

നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽ കുമാർ സംസാരിക്കുന്നു.

കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകൾ പരസ്പര പൂരകങ്ങളാകണം: മന്ത്രി വി.എസ്. സുനിൽ കുമാർ

ഹരിത കേരളം മിഷൻ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ പൂർണതയിലെത്തുന്നതിന് കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കണമെന്നു കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽ കുമാർ. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനായി മില്ലറ്റ് കൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പിന് പഞ്ചായത്തുകൾ പൂർണ സഹകരണം നൽകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശുദ്ധജലം, ശുദ്ധവായു, ഭക്ഷണം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ പ്രകൃതി മൂലധനത്തെ സംരക്ഷിക്കുകയെന്നതാണു ഹരിത കേരളം മിഷൻ പ്രവർത്തന ലക്ഷ്യമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലൂടെയേ ഇതു സാധ്യമാകൂ. തദ്ദേശ സ്ഥാപനങ്ങളാണ് ഇതിനു മുൻകൈയെടുക്കേണ്ടത്. മുകൾത്തട്ടു മുതൽ താഴേത്തട്ടുവരെ പ്രവൃത്തിപഥത്തിൽ യോജിപ്പുണ്ടാകണം. കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് മാത്രം മുന്നോട്ടുകൊണ്ടുപോയാൽ യാന്ത്രികമാകും.

2021-22 വർഷം സംസ്ഥാനത്ത് മൂന്നു ലക്ഷം ടൺ നെൽകൃഷിയാണു സർക്കാരിന്റെ ലക്ഷ്യം. പച്ചക്കറി ഉത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കുക എന്നതും പ്രഖ്യാപിത ലക്ഷ്യമാണ്. അടുത്ത വർഷം 12.5 ലക്ഷം പച്ചക്കറി ഉത്പാദനമാണു കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനു പുറമേ റാഗി, കൂവരക് തുടങ്ങിയ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മില്ലറ്റ് കൾട്ടിവേഷൻ പദ്ധതിക്കും കൃഷി വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഇതു വിജയകരമായി നടപ്പാക്കുകയാണ്. ഇതു സംസ്ഥാനത്തെ മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇരുപ്പൂ കൃഷിക്ക് പ്രാധാന്യം നൽകുന്ന നടപടികളിലേക്കു കൃഷിവകുപ്പ് കടക്കുകയാണ്. ഒരു തവണ കൃഷിചെയ്യുന്നിടത്ത് രണ്ടു തവണ കൃഷി ചെയ്താൽ ഉത്പാദനം ഇരട്ടിയാക്കാം. കുട്ടനാട്ടിൽ 7000 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂ കൃഷി സാധ്യമായിട്ടുണ്ട്. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ഹ്രസ്വകാല നെൽവിത്തുകളും ഉത്പാദനവും കൃഷിയും വർധിപ്പിക്കാൻ സഹായിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു. പ്രകൃതി മൂലധനത്തിന്റെ സംരക്ഷണമാണ് അടുത്ത തലമുറയെ മുന്നിൽക്കണ്ടുകൊണ്ട് ലക്ഷ്യമിടുന്നത്. നിലനിൽപ്പിന് അടിസ്ഥാനമായ പ്രകൃതി മൂലധനങ്ങളായ ജലം, ഭൂമി, ആവാസ വ്യവസ്ഥ എന്നിവയുടെ സംരക്ഷണം മുൻനിർത്തിയുള്ള വികസനമാണ് നമുക്ക് ആവശ്യം. ഹരിതകേരളം മിഷനിലൂടെ ഇത് സാധ്യമാക്കാനാവും, മന്ത്രി പറഞ്ഞു. □

2021-22 വർഷം സംസ്ഥാനത്ത് മൂന്നു ലക്ഷം ടൺ നെൽകൃഷിയാണു സർക്കാരിന്റെ ലക്ഷ്യം. പച്ചക്കറി ഉത് പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കുക എന്നതും പ്രഖ്യാപിത ലക്ഷ്യമാണ്.

പുഴകൾക്ക് പുതുജീവനേകി ഹരിതകേരളം മിഷൻ രണ്ടാം വർഷത്തിലേക്ക്: ടി.എൻ സീമ

വ്യവസ്ഥാപിതമായി നിലനിന്നുപോരുന്ന നിരവധി പരിമിതികളെ അതിജീവിച്ചാണ് ഹരിതകേരളം മിഷൻ ഇക്കഴിഞ്ഞ രണ്ടുവർഷം സംസ്ഥാനത്ത് പ്രവർത്തിച്ചതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ. സീമ അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രി സൂചിപ്പിച്ച പുതിയ ഒരു ശുചിത്വസംസ്കാരവും ജലവിനിയോഗ സംസ്കാരവും കാർഷിക സംസ്കാരവും കൊണ്ടുവരാനുള്ള ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇതിനകം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്താനായി. ഇത്തരം സംസ്കാരം കൊണ്ടുവരാൻ ശീലങ്ങളിൽ മാറ്റം കൊണ്ടുവരേണ്ടതുണ്ട്. അതിനായുള്ള വിപുലമായ ജനകീയ വിദ്യാഭ്യാസ പരിപാടികൾക്കും മിഷൻ നേതൃത്വം നൽകി. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ, ജാഗ്രതോത്സവം, പുഴനടത്തം, പുഴപുനരുജ്ജീവനം, സ്കൂളുകളിലെ ഹരിതോത്സവം, ഹരിത ഐ.ടി.ഐ ക്യാമ്പസുകൾ തുടങ്ങിയ പരിപാടികൾ ഇതിന് ഉദാഹരണമാണെന്ന് ഡോ.ടി.എൻ. സീമ പറഞ്ഞു. പ്രളയത്തിനു ശേഷമുള്ള പുനർനിർമ്മിതി പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുംവിധമാകണമെന്ന ബോധ്യം ജനങ്ങളിൽ സൃഷ്ടിക്കുന്നതിൽ ഹരിതകേരളം മിഷൻ നടത്തിയ ഇത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സഹായകരമായി. കേരളത്തിന്റെ വികസന കാഴ്ചപ്പാടിൽ ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടും അത്തരം വികസനം സുസ്ഥിരമായി നിലനിർത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. ഇത് സാധ്യമാകാൻ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും അതത് മേഖലകളിലുണ്ടാവണം. അതിനുള്ള സഹായ ഏകോപന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഹരിതകേരളം മിഷനിൽ നിന്നുണ്ടാവും.

ജലസംരക്ഷണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പുഴ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മൂന്നാം വർഷാരംഭത്തോടുകൂടി ഹരിതകേരളം മിഷൻ തുടക്കമിടും. പുഴയുടെ പുനരുജ്ജീവനം ആവശ്യമായ സ്ഥലങ്ങളിൽ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ വിശദമായ പദ്ധതി രേഖ തയാറാക്കി തുടർ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

പ്രളയാനന്തര പാരിസ്ഥിതിക പുനഃസ്ഥാപനത്തിന്റെ ഭാഗമായി നദികളും നീർച്ചാലുകളും പ്രത്യേക പരിഗണന നൽകി ഏറ്റെടുക്കും. ഹരിതകേരളം മിഷൻ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടുവർഷമായി 651 കുളങ്ങൾ നിർമ്മിക്കുകയും 20 ഓളം തോടുകളും പുഴകളും പുനരുജ്ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടക്കുന്ന ശിൽപ്പശാലയിൽ നീർത്തട പ്ലാൻ അംഗീകരിക്കൽ, ഗ്രാമ, ബ്ലോക്കുതല സാങ്കേതികസമിതി സജീവമാക്കൽ തുടങ്ങി തദ്ദേശ സ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ നിർവഹിക്കേണ്ട വിവിധ പദ്ധതികളെക്കുറിച്ചും ശിൽപ്പശാലയിൽ ചർച്ച ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി ടി.കെ. ജോസ്, ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, കൃഷി വകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ തുടങ്ങിയവർ സെഷനിൽ പങ്കെടുത്തു. □

ജലസംരക്ഷണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പുഴ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മൂന്നാം വർഷാരംഭത്തോടുകൂടി ഹരിത കേരളം മിഷൻ തുടക്കമിടും.

നവകേരളം ശില്പശാല
കർമ്മപദ്ധതി

അടുത്ത വർഷം 12.71 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദനം ലക്ഷ്യം

ഡോ.പി.കെ.ജയശ്രീ
ഡയറക്ടർ, കൃഷി വകുപ്പ്

പ്രളയം കേരളത്തിന്റെ ഭൂപ്രകൃതിയെയും ജീവിത രീതികളെയും സ്വാധീനിക്കുക മാത്രമല്ല അതിൽ മാറ്റങ്ങൾ ആവശ്യപ്പെടുന്ന വിധമാണ് സംഭവിച്ചത്. കാർഷിക കേരളത്തിന് പ്രളയം ഏൽപ്പിച്ച ആഘാതം ദീർഘകാലം നീണ്ടുനിൽക്കുന്നതാണ്. നഷ്ടങ്ങളൊക്കെ പരിഹരിച്ച് കാർഷിക കേരളത്തിന്റെ പുനസൃഷ്ടി നിർവ്വഹിക്കാൻ ഉതകുംവിധം ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വയ്ക്കണമെന്ന് 'കൃഷി ഉപമിഷൻ: സുജലം സുഫലം' പ്രവർത്തനങ്ങളുടെ അവതരണത്തിന് ആമുഖമായി കൃഷി ഡയറക്ടർ ഡോ.പി.കെ.ജയശ്രീ പറഞ്ഞു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടുവർഷക്കാലം സംസ്ഥാനത്ത് കാർഷികമേഖലയിൽ നടന്ന പ്രവർത്തനങ്ങൾ ഏറെ സൃഷ്ടിപരവും ഫലപ്രദവുമായിരുന്നു. നെൽക്കൃഷിയിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. തരിശായികിടന്ന പാടങ്ങളിൽ നെൽക്കൃഷി വ്യാപിപ്പിക്കാനായതാണ് ഇതിൽ പ്രധാനം. കോട്ടയത്ത് മെത്രാൻ കായൽ കുമരകത്ത് 160 ഹെക്ടർ, പത്തനംതിട്ട ആറന്മുള പാടശേഖരങ്ങളിൽ ആദ്യവർഷം 55 ഹെക്ടർ, കൊല്ലത്ത് തൊടിയൂർ വട്ടക്കായലിൽ 130 ഹെക്ടർ, കോട്ടയത്ത് കല്ലറയിൽ 101 ഹെക്ടർ, കോഴിക്കോട് ആവളപാണ്ടി 88 ഹെക്ടർ, വെളിയന്നൂർ 75 ഹെക്ടർ, കണ്ണൂർ കീഴല്ലം 117 ഹെക്ടർ തുടങ്ങി ആലപ്പുഴ റാണി ചിത്തിര, തൃശ്ശൂർ കണിമംഗലം, കോട്ടയം കോടിമാതാ, നാലുമണിക്കാറ്റ് എന്നിവിടങ്ങളിലെല്ലാം തരിശുപാടങ്ങളിൽ നെൽക്കൃഷി ആരംഭിച്ചത് നെൽക്കൃഷി വ്യാപനത്തിൽ ഏറ്റവും വലിയ നേട്ടമായി കാണാവുന്നതാണ്. പത്തനംതിട്ട ജില്ലയിലെ കവിയൂർ പുഞ്ചയിൽ 400 ഹെക്ടറോളം സ്ഥലത്ത് ഒരുമിച്ച് കൃഷിയിറക്കാനായി. വർഷങ്ങളായി തരിശുകിടന്ന ഇവിടെ പിന്നെയും കതിരണിയാൻ വഴിയൊരുക്കിയത് ഹരിതകേരളം മിഷന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും ഒപ്പം ജനകീയ കൂട്ടായ്മകളുടെയും ശ്രമം കൊണ്ടു തന്നെയാണ്.

നെൽക്കൃഷി വ്യാപനത്തിന് ഏറ്റവും ശ്രദ്ധേയമായ സ്ഥിതിവിവരം ഇങ്ങനെയാണ്. 2017-18 ൽ 2,20,000 ഹെക്ടറിൽ കൃഷിയിറക്കി. അതിന് തൊട്ടുമുന്നിലെ വർഷം ഇത് 1,98,000 ഹെക്ടറായിരുന്നു. 2018-19 ൽ ഇത് 3,00,000 ഹെക്ടറായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യവിള പ്രളയത്തിൽ നഷ്ടപ്പെട്ടുപോയ വിവരവും ഇവിടെ പ്രസക്തമാണ്. പുതുതായി ഹ്രസ്വകാല വിത്തിനങ്ങൾ നൽകി ചിലയിടങ്ങളിൽ വിരിപ്പു കൃഷി തന്നെ പുനരുജ്ജീവിപ്പിക്കാനും രണ്ടാം വിള കാലതാമസം കൂടാതെ ഇറക്കാനും സാധിച്ചിട്ടുണ്ട്.

ഇതോടൊപ്പംതന്നെ തരിശുരഹിത പഞ്ചായത്ത് ക്യാമ്പയിൻ സംസ്ഥാനത്ത് ഉത്സാഹപൂർവ്വം നടന്നു വരികയാണ്. 86 പഞ്ചായത്തുകളിൽ ഇതിനകം ഇത് ആരംഭിച്ചു കഴിഞ്ഞു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൃഷി, ജലസേചനം, തദ്ദേശഭരണ സ്ഥാപനങ്ങൾ, കർഷക -ജനകീയ കൂട്ടായ്മകൾ എന്നിവരുടെ സഹായത്തോടെ 40,000 ഹെക്ടർ തരിശുനിലമാണ് ഇപ്പോൾ കൃഷിയോഗ്യമാക്കി വരുന്നത്.

പച്ചക്കറികൃഷിയിലെ സ്വയംപര്യാപ്തതയാണ് മറ്റൊരു ഘടകം. വിഷരഹിത പച്ചക്കറി നമ്മുടെ സംസ്ഥാനത്ത് തന്നെ ഉത്പ്പാദിപ്പിക്കുക, ഉത്സവ കാലങ്ങളിൽ പച്ചക്കറിവിലയിലുണ്ടാകുന്ന വർദ്ധന തടയുക ഇവയൊക്കെ ഇവയിൽ പ്രധാനമാണ്. 2016-17 ൽ 16,645 ഹെക്ടറിൽ അധികമായി പച്ചക്കറി കൃഷിയിറക്കാനായി. ഇത് 2017-18 ൽ 6,824 ഹെക്ടറിൽ കൂടി അധികമാക്കി. അങ്ങനെയാകെ 22,469 ഹെക്ടറിൽ പച്ചക്കറി കൃഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സാധിച്ചു. 3.73 ലക്ഷം ടൺ അധികോത്പാദനമാണ് ഇതുവഴിയുണ്ടായത്. 2018-19 ൽ പച്ചക്കറി ഉത്പാദനം ലക്ഷ്യമിട്ടിരിക്കുന്നത് 10.1 മെട്രിക് ടൺ ആണ്. അടുത്ത വർഷം 12.71 ലക്ഷം മെട്രിക് ടൺ ആണ് ലക്ഷ്യമിടുന്നത്. ഇത് സാധ്യമാക്കാനുള്ള വൈവിധ്യമാർന്ന തീവ്രയജ്ഞ പരിപാടികൾക്ക് തുടക്കമിട്ടു. ഇത് ഉത്പാദനത്തിലും വിസ്തൃതിയിലും വർദ്ധന ലക്ഷ്യമിടുമ്പോഴും സുരക്ഷിത പച്ചക്കറി തന്നെയാണ് നാം ലക്ഷ്യമാക്കുന്നത്. □

> തരിശുരഹിത പഞ്ചായത്ത് ക്യാമ്പയിൻ സംസ്ഥാനത്ത് ഉത്സാഹപൂർവ്വം നടന്നു വരികയാണ്. 86 പഞ്ചായത്തുകളിൽ ഇതിനകം ഇത് ആരംഭിച്ചു കഴിഞ്ഞു.

സമ്പൂർണ മാലിന്യ നിർമാർജനം ലക്ഷ്യം

ഡോ. ആർ. അജയകുമാർ വർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിലെയും കോളജുകളിലെയും എൻ.എസ്.എസ് വോളന്റിയർമാർ മുഖേന കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇക്കൊല്ലം നടപ്പിലാക്കുമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ആർ.അജയകുമാർ വർമ്മ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മാലിന്യ നിർമാർജനത്തിന് കൂടുതൽ ശ്രദ്ധ നൽകുകയാണ് ലക്ഷ്യം. എല്ലാ സർക്കാർ ഓഫീസുകളിലും ഈ വർഷം തന്നെ ഹരിതചട്ടം നടപ്പിലാക്കും. ഇതിനായി വലിയ പ്രചരണ പരിപാടി സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ ഇതുവരെ 145 സർക്കാർ ഓഫീസുകളാണ് പൂർണമായും ഹരിത ചട്ടം പാലിക്കുന്നത്. മാധ്യമങ്ങൾ വഴി ഹരിതചട്ടത്തെ കുറിച്ച് കൂടുതൽ അവബോധം നൽകാനുള്ള പദ്ധതികളും നടപ്പിലാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ മുന്നോട്ടു കൊണ്ടു പോകാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് എല്ലാവിധ സാമ്പത്തിക സഹായവും നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഈ വർഷം ഇതുവരെ 3,323 ടൺ ജൈവ മാലിന്യമാണ് സംസ്കരിക്കാനായത്. ആകെയുണ്ടാകുന്ന ജൈവ മാലിന്യത്തിന്റെ 50 ശതമാനമാണിത്. ബാക്കിയുള്ളവ കൂടി സംസ്കരിക്കാനുള്ള ശ്രമം ഈ വർഷം പൂർത്തിയാകും. അജൈവ മാലിന്യ സംസ്കരണം ഊർജിതമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹരിതകർമ്മ സേനയെ സുസ്ഥിരമായി നിലനിർത്തും.

മാലിന്യം പരമാവധി കുറയ്ക്കാനുള്ള ശ്രമം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഭാഗത്തുനിന്നുണ്ടാവുക, സമൂഹമാകെ ഈ ഉത്തരവാദിത്തം ഏറ്റെടുക്കുക എന്ന നില വന്നാൽ സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിനടുത്തെത്തും. സങ്കീർണ്ണമായ മാലിന്യ പ്രശ്നം പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ നടപടികളെടുക്കും. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ഏതാണ്ട് 70% ജൈവമാലിന്യമാണ്. ഇത് ഉറവിടങ്ങളിൽത്തന്നെ സംസ്ക്കരിക്കപ്പെടുകയാണെങ്കിൽ കേരളത്തിലെ മാലിന്യപ്രശ്നം പരിഹരിക്കപ്പെടും, അദ്ദേഹം പറഞ്ഞു. □

> അജൈവ മാലിന്യ സംസ്കരണം ഊർജിതമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹരിതകർമ്മ സേനയെ സുസ്ഥിരമായി നിലനിർത്തും.

മീഡിയ സെന്റർ

ശില്പശാല നടന്ന തിരുവനന്തപുരം നാലാഞ്ചിറയിലെ ഗിരിദീപം കൺവെൻഷൻ സെന്ററിൽ മീഡിയ സെന്റർ പ്രവർത്തിച്ചു. മിഷനുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ മാധ്യമപ്രവർത്തകർക്ക് നല്കുന്നതിനും ഓരോ സെഷന്റെയും റിപ്പോർട്ട് മാധ്യമങ്ങൾക്ക് തത്സമയം നല്കുന്നതിനും അതിലൂടെ സാധ്യമായി. പഞ്ചായത്തു വകുപ്പിന്റെ പബ്ലിസിറ്റി വിഭാഗം, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എന്നിവയുടെ മേൽനോട്ടത്തിലാണ് മീഡിയ സെന്റർ പ്രവർത്തിച്ചത്. വിവിധ മിഷനുകളുടെ പ്രതിനിധികളും മീഡിയ സെന്ററിൽ സന്നിഹിതരായിരുന്നു.

നവകേരളം ശില്പശാല
കർമ്മപദ്ധതി

പുതിയ ജലസംരക്ഷണ – വിനിയോഗ സംസ്കാരം രൂപപ്പെടണം

കെ.എ. ജോഷി
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ

പുതിയ ഒരു ജലസംരക്ഷണ ജലവിനിയോഗ സംസ്കാരം രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ കെ.എ. ജോഷി അഭിപ്രായപ്പെട്ടു. നവകേരളം കർമ്മ പദ്ധതി അവലോകനയോഗത്തിൽ ജലസംരക്ഷണ ഉപമിഷന്റെ അവതരണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. ജലസ്രോതസ്സുകളുടെ നവീകരണം, ശുചീകരണം, ശരിയായ വിനിയോഗം, സുസ്ഥിര പരിപാലനം എന്നിവ ഉൾപ്പെടെ ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്കു കൂടി ഉറപ്പാക്കേണ്ടതുണ്ട്. സംയോജിത നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജലലഭ്യതയും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കണം. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ജലസംരക്ഷണ ഉപമിഷൻ പ്രവർത്തിക്കേണ്ടത്. ഇതിനായി തദ്ദേശഭരണ സ്ഥാപനതലത്തിലും ബ്ലോക്ക്തലത്തിലും ജില്ലാ തലത്തിലും സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും നീർത്തട നടത്തത്തിലൂടെ വിവരശേഖരണം പൂർത്തിയാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർപ്ലാനുകളും 90% സ്ഥലങ്ങളിലും പൂർത്തിയായിക്കഴിഞ്ഞു. നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. കൃഷി-ജലസേചന വകുപ്പുകളുടെ സംയുക്ത പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പാക്കി വരികയാണ്.

ഇതുവരെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലഉപമിഷൻ 17182 കി.മീ തോട്-പുഴയുടെ പുനരുജ്ജീവനം സാധ്യമാക്കിയിട്ടുണ്ട്. 48936 കിണറുകൾ റീചാർജ്ജ് ചെയ്തു. 9889 കുളങ്ങൾ നവീകരിച്ചു. 8675 കുളങ്ങൾ നിർമ്മിച്ചു. 4625 കിണറുകൾ നവീകരിച്ചു. ഇതിനുപുറമേ 147239 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനം നിർവ്വഹിച്ചു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജലവിഭവ വകുപ്പിന്റെയും വിവിധ പ്രാദേശിക ജനകീയ കൂട്ടായ്മകളുടെയും കൂട്ടായ ശ്രമത്തിലൂടെ സംസ്ഥാനത്ത് നടന്ന പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ ഇതിനകം ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിലെ 22 കി.മീ, പത്തനംതിട്ട ആലപ്പുഴ ജില്ലകളിലെ ആദിപമ്പ 4 കി.മീ, വരട്ടാർ 9.4 കി.മീ, ഇടുക്കി ജില്ലയിലെ വടക്കേപ്പുഴ, ചാലംകോട് തോട്, മുട്ടം പറപ്പാതോട് എന്നിവിടങ്ങളിലായി 4.8 കി.മീ, കോട്ടയം ജില്ലയിലെ വിവിധ നീർച്ചാലുകളിലായി 65 കി.മീ, എറണാകുളത്തെ കടമ്പ്രയാർ 14 കി.മീ, തൃശ്ശൂർ പെരുംതോട് 15 കി.മീ, കോഴിക്കോട് പൂനൂർ പുഴ 24 കി.മീ, കണ്ണൂർ കാനാമ്പുഴ 10 കി.മീ എന്നിവയാണ് ഇവയിൽ പ്രധാനം. പുഴയുടെ പുനരുജ്ജീവനം നടത്തിയ സ്ഥലങ്ങളിൽ സാങ്കേതികസമിതിയുടെ നേതൃത്വത്തിൽ വിശദമായ പദ്ധതി നിർദ്ദേശം തയ്യാറാക്കി തുടർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രളയത്തിന്റെ ഭാഗമായി പുഴകളിൽ വന്നിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് പഠനത്തിന് തുടക്കമിട്ടു. പമ്പയാറിന്റെ മൂന്നു മേഖലകളിലും ഉൾപ്പെട്ട പഠനത്തിൽ ഭൗതിക ഘടന, മണ്ണിന്റെ സ്വഭാവം എന്നിവയിൽ വന്ന മാറ്റം പ്രത്യേകം പഠനവിധേയമാക്കും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി നീർത്തട പ്ലാനുകളിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണം സാധ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. □

പുഴയുടെ പുനരുജ്ജീവനം നടത്തിയ സ്ഥലങ്ങളിൽ സാങ്കേതികസമിതിയുടെ നേതൃത്വത്തിൽ വിശദമായ പദ്ധതി നിർദ്ദേശം തയ്യാറാക്കി തുടർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നവകേരളം ശില്പശാല
കർമ്മപദ്ധതി

'ആർദ്രം' വിജയത്തിന് തദ്ദേശ – ആരോഗ്യ വകുപ്പുകൾ തോളോടുതോൾ ചേരണം: മന്ത്രി കെ.കെ. ശൈലജ ടീച്ചർ

ആർദ്രം മിഷന്റെ വിജയകരമായ പൂർത്തീകരണത്തിന് തദ്ദേശ - ആരോഗ്യ വകുപ്പുകൾ തോളോടുതോൾ ചേർന്ന പ്രവർത്തിക്കണമെന്ന് ആരോഗ്യ മന്ത്രി കെ.കെ ശൈലജ ടീച്ചർ. ശരീരത്തിനും മനസിനും പൂർണ ആരോഗ്യമുള്ള ജനതയെ സൃഷ്ടിക്കുകയെന്ന ലക്ഷ്യപ്രാപ്തിക്ക് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്ന മന്ത്രി.

ആർദ്രം മിഷൻ നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാണിക്കുന്ന താത്പര്യം അഭിനന്ദനാർഹമാണെന്ന മന്ത്രി പറഞ്ഞു. എല്ലാ ആശുപത്രികളും രോഗീ സൗഹൃദമാക്കുക, ആരോഗ്യ കേന്ദ്രങ്ങൾ സാങ്കേതിക ത്തികവുള്ളതും വൃത്തിയും വെടിപ്പുമുള്ളതുമാക്കുക, ചികിത്സാ ചെലവ് കുറയ്ക്കുക എന്നിവയാണ്

5000 പേർക്ക് ഒരു പ്രാഥമികാരോഗ്യ ഉപകേന്ദ്രം എന്ന സ്ഥിതി സംജാതമാക്കും. ഒരു ബ്ലോക്കിൽ ഒന്ന് എന്ന കണക്കിൽ കമ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് അടിസ്ഥാനത്തിൽ താലൂക്ക് ആശുപത്രികൾ, ജില്ലാ തലത്തിൽ ജില്ലാ ആശുപത്രികൾ എന്നിവയും ജനറൽ ആശുപത്രികളുമാണ് മിഷനിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

ആർദ്രം മിഷൻ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ.

5000 പേർക്ക് ഒരു പ്രാഥമികാരോഗ്യ ഉപ കേന്ദ്രം എന്ന സ്ഥിതി സംജാതമാക്കും. ഒരു ബ്ലോക്കിൽ ഒന്ന് എന്ന കണക്കിൽ കമ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് അടിസ്ഥാനത്തിൽ താലൂക്ക് ആശുപത്രികൾ, ജില്ലാ തലത്തിൽ ജില്ലാ ആശുപത്രികൾ എന്നിവയും ജനറൽ ആശുപത്രികളുമാണ് മിഷനിലൂടെ ലക്ഷ്യംവയ്ക്കുന്നത്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളും രോഗീസൗഹൃദവുമാക്കി മാറ്റും.

ശരീരത്തെ രോഗപ്രതിരോധ ശേഷിയുള്ളതാക്കി മാറ്റുകയാണ് ആരോഗ്യമുള്ള സമൂഹ സൃഷ്ടിക്ക വേണ്ടത്. ഇതിനുള്ള ശ്രമങ്ങളാണ് ആർദ്രം മിഷന്റെ കീഴിൽ നടപ്പാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബത്തിന്റെ ബന്ധുവായ ആരോഗ്യ സ്ഥാപനമാക്കി മാറ്റണം. ഇതിനായി ഇവിടങ്ങളിൽ 830 പുതിയ തസ്തികകൾ സൃഷ്ടിച്ചു കിട്ടി. ഇതിൽ 170 ഡോക്ടർമാരാണ്. ഇത് ആർദ്രം മിഷന്റെ നടത്തിപ്പിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ വളരെ പ്രധാനമായിരുന്നു.

ആരോഗ്യ രംഗത്ത് മാനവവിഭവശേഷി വർധിപ്പിക്കാൻ ഡോക്ടർമാരെ നിയമിക്കാൻ പഞ്ചായത്തുകൾക്ക് ആരോഗ്യ വകുപ്പ് സഹകരണം നൽകും. കിടത്തി ചികിത്സയല്ല, രോഗപ്രതിരോധശേഷി വർധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അതിനു തക്ക രീതിയിലേക്ക് ആരോഗ്യ മേഖലയെ രൂപപ്പെടുത്തിയെടുക്കാൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കു കഴിയുമെന്നതിൽ സംശയമില്ല.

സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളെയും സ്പെഷ്യാലിറ്റി ആശുപത്രികളാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 891 അധിക തസ്തികകൾ ഇതിനായി സൃഷ്ടിക്കാൻ കഴിഞ്ഞു. കിഫ്ബി, പ്ലാൻ ഫണ്ട്, എം.പി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള മാസ്റ്റർപ്ലാനിലാണ് ഇതിന്റെ നവീകരണം മുന്നോട്ടു പോകുന്നത്. ജില്ലാ ആശുപത്രികളുടെയും മുഖഛായ മാറുകയാണ്.

ആരോഗ്യ രംഗത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനും ആരോഗ്യ അനുബന്ധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വകുപ്പുകളുടെയും ഏജൻസികളുടെയും സേവനം ആവശ്യമാണ്. പ്രാദേശികതലത്തിലുള്ള വിഭവ സമാഹ രണത്തിലും ഈ യോജിപ്പുണ്ടാകണം.

കാൻസർ ചികിത്സാ രംഗത്ത് വലിയ മാറ്റമുണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ആർദ്രം മിഷന്റെ പങ്ക് വലുതാണ്. ക്യാൻസറിന്റെ മുൻകൂട്ടിയുള്ള കണ്ടെത്തലും ചികിത്സയുമാണ് ലക്ഷ്യം. മെഡിക്കൽ കോളേജുകളിൽ മിനി ക്യാൻസർ സെന്ററുകൾ തുടങ്ങുന്നതിനു പണം നീക്കിവച്ചുകഴിഞ്ഞു. ജില്ലാ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

ആശുപത്രികളിലെ നീണ്ട ക്യൂവിന് വിരാമമിടാനും ഇഷ്ടമുള്ള ഡോക്ടറുടെ സേവനം ഉറപ്പാക്കാനും ആരോഗ്യ വകുപ്പിന്റെ ഇ-ഹെൽത്ത് സംവിധാനം ഇനി തുണയാകും. സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശ്യം. നവകേരളം മിഷന്റെ അവലോകന യോഗത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചറിന്റെ സാന്നിധ്യത്തിൽ ഇ-ഹെൽത്ത് പദ്ധതി സംബന്ധിച്ച വിശദമായ ചർച്ച നടന്നു. ☐

ആരോഗ്യ രംഗത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനും ആരോഗ്യ അനുബന്ധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വകുപ്പുകളുടെയും ഏജൻസികളുടെയും സേവനം ആവശ്യമാണ്. പ്രാദേശികതലത്തിലുള്ള വിഭവ സമാഹരണത്തിലും ഈ യോജിപ്പുണ്ടാകണം.

ആരോഗ്യ രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ ഇ-ഹെൽത്ത്

സാധാരണക്കാരന് ഉന്നനിലവാരമുള്ളതും മെച്ചപ്പെട്ടതുമായ ആരോഗ്യ സേവനം നൽകുന്നതിനോടൊപ്പം വ്യക്തിഗത ആരോഗ്യ വിവരങ്ങൾ ശേഖരിച്ചു വെയ്ക്കാനും ഇ-ഹെൽത്ത് സഹായകമാകും. കേന്ദ്രീകൃത വിവര ശേഖരം സൃഷ്ടിക്കുകവഴി പൊതുജനാരോഗ്യം സംബന്ധിച്ച വിപുലമായ ഇലക്ട്രോണിക് വിവര സംവിധാനമാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നതെന്ന് ഇ-ഹെൽത്ത് അഡിഷണൽ ഡയറക്ടർ ഡോ. ശ്രീധർ പറഞ്ഞു.

ഓരോ വ്യക്തിക്കും ഒരു വ്യക്തിഗത ഐഡന്റിറ്റി നമ്പർ നൽകി ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യും. വ്യക്തികളുടെ പേരും മറ്റു വിവരങ്ങളും രജിസ്ട്രേഷൻ വഴി ശേഖരിക്കുന്നതിനാൽ ഒ.പി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമമാകുന്നു.

ഡോക്ടറുടെ കുറിപ്പുകൾ നെറ്റ്‌വർക്ക് വഴി ഫർമസികളിലും ലാബുകളിലും എക്സ്-റേ തുടങ്ങിയ കൗണ്ടറുകളിലും അപ്പപ്പോൾ എത്തുന്നു. രോഗ പരിശോധനാ വിവരങ്ങൾ ഡോക്ടർമാരുടെ മുന്നിലെ കംപ്യൂട്ടറുകളിൽ യഥാസമയം എത്തുന്നു. ഇതിലൂടെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളുടെ പ്രയോജനം രോഗിക്കു ലഭ്യമാക്കുവാനും സാധിക്കും.

ആർദ്രം മിഷൻ പൂർത്തീകരണത്തിന് കിഫ്ബി സഹായം ഉപയോഗപ്പെടുത്തും

കേശവേന്ദ്രകുമാർ ഐ.എ.എസ്.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ആർദ്രം മിഷൻ

ആരോഗ്യ രംഗത്ത് സമഗ്ര പുരോഗതി ലക്ഷ്യംവച്ച് ആർദ്രം മിഷൻ. മിഷന്റെ ഭാഗമായി രണ്ടു പുതിയ മെഡിക്കൽ കോളജുകൾ ഉൾപ്പെടെ പത്ത് സർക്കാർ ആശുപത്രികളിൽ 80 കോടി രൂപയുടെ കാത് ലാബുകളും 69 കോടി രൂപ ചെലവിട്ട് 44 ഡയാലിസിസ് യൂണിറ്റുകളും ഈ വർഷം ആരംഭിക്കും. കിഫ്ബി വഴിയാകും ഇവയുടെ നിർമാണം പൂർത്തിയാക്കുകയെന്ന് ആർദ്രം മിഷൻ സി.ഇ.ഒ കേശവേന്ദ്രകുമാർ പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നടന്ന നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ ആർദ്രം മിഷന്റെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.താലൂക്ക് തല ആശുപത്രികളിലെ ഒ.പി വിഭാഗം കൂടുതൽ ജനസൗഹൃദമാക്കും. അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുകയും എല്ലാ ആശുപത്രികളിലും ഡയാലിസിസ് സംവിധാനം നടപ്പിലാക്കുകയും ചെയ്യും. എല്ലാ അടിസ്ഥാന സ്പെഷ്യാലിറ്റികളുടെയും സേവനം ലഭ്യമാക്കും. അടുത്ത സാമ്പത്തിക വർഷത്തിൽ 503 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളക്കി മാറ്റും. ജനപ്രതിനിധികൾക്കും ആരോഗ്യ വകുപ്പ ജീവനക്കാർക്കും ആശ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യ സേവന വോളന്റിയർമാർ തുടങ്ങിയ വർക്കും ആരോഗ്യ സേവന പരിശീലനം നൽകുമെന്നും പഞ്ചായത്തുതല ആരോഗ്യ പ്രോജക്ടുകൾ വഴി ഫീൽഡ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ വരും വർഷം നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. ☐

ആരോഗ്യ രംഗത്ത് തദ്ദേശസ്ഥാപനങ്ങൾക്കു വലിയ പങ്കു വഹിക്കാനാകും

ഡോ. ബി. ഇക്ബാൽ
സംസ്ഥാന ആസൂത്രണ ബോർഡ് അംഗം

സർക്കാർ തലത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഏകോപിപ്പിച്ച് ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന രീതിയിൽ ആശുപത്രി കെട്ടിടനിർമാണത്തിനും അറ്റകുറ്റപണികൾക്കും നേതൃത്വം നൽകാൻ പഞ്ചായത്തുകൾക്ക് കഴിയുമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ബി. ഇക്ബാൽ പറഞ്ഞു. നിലവിലുള്ള ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും പുറമേ കൂടുതൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രോഗ പ്രതിരോധം, ആരോഗ്യ വർധക പുനരധിവാസ സാന്ത്വന പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തണം. ഇതിനായി ഫീൽഡ് തല പ്രവർത്തനങ്ങൾക്കു വാഹന സൗകര്യം ഒരുക്കുന്നതടക്കമുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

വാർഡുതല ശുചിത്വ പോഷണ സമിതികളുടെ ശാക്തീകരണം, ആരോഗ്യ സേന തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും ആരോഗ്യ ഉപ-കേന്ദ്രങ്ങളിലെ ക്ലിനിക്കുകളുടെ നടത്തിപ്പുമടക്കമുള്ള വ്യക്തമായ മാർഗരേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

പഞ്ചായത്തുതല ആരോഗ്യ പ്ലോജക്ടുകൾ മുഖേന ആരോഗ്യ അവസ്ഥാ റിപ്പോർട്ടുകൾ തയ്യാറാക്കി അതനുസരിച്ച് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണം. കുടിവെള്ളം, മാലിന്യ സംസ്കരണം, കൊതുക നിയന്ത്രണം, പോഷണം, കൃഷി, വ്യായാമം തുടങ്ങിയ സാമൂഹിക ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യ അവസ്ഥാ റിപ്പോർട്ടാണ് തദ്ദേശ സ്ഥാപനങ്ങൾ വാർഡ് തലത്തിൽ സമർപ്പിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ☐

വാർഡുതല ശുചിത്വ പോഷണ സമിതികളുടെ ശാക്തീകരണം, ആരോഗ്യ സേന തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും ആരോഗ്യ ഉപ-കേന്ദ്രങ്ങളിലെ ക്ലിനിക്കുകളുടെ നടത്തിപ്പുമടക്കമുള്ള വ്യക്തമായ മാർഗരേഖകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് സംസാരിക്കുന്നു.

പ്രളയത്തിൽ തകർന്ന റോഡുകളുടെ നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങൾക്ക് 1000 കോടി നൽകും: ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്

പ്രളയത്തിൽ തകർന്ന റോഡുകൾ പുനർ നിർമിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1000 കോടി രൂപ അധികമായി അനുവദിക്കാൻ ഭരണാനുമതി നൽകിയതായി ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ അളവിൽത്തന്നെയാകും അടുത്ത വർഷത്തെ വിഹിതമെന്നും അദ്ദേഹം പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രളയാനന്തര പുനർനിർമാണ പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതത്തിൽ ഭേദഗതി വരുത്താൻ തദ്ദേശ സ്ഥാപനങ്ങളോടു നിർദേശിച്ചിരുന്നു. റോഡ് പുനർ നിർമാണം അടക്കമുള്ള പ്രവർത്തനങ്ങൾക്കു പണം നീക്കിവയ്ക്കുന്നതിനായിരുന്നു ഇത്. ഇക്കാര്യം പാലിച്ചിട്ടുണ്ടോ എന്നു പരിശോധിച്ച ശേഷമാകും റോഡ് നിർമാണത്തിനുള്ള അധിക ഫണ്ട് അനുവദിക്കുന്നത്.

റോഡ് അറ്റകുറ്റപ്പണിക്ക് കൂടുതൽ ഫണ്ട് ആവശ്യമുള്ള തദ്ദേശ സ്ഥാപനങ്ങൾക്കാകും മുൻഗണന നൽകുക. ഇതിന്റെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കണമെന്നും മന്ത്രി പറഞ്ഞു. സർക്കാർ ലക്ഷ്യം വയ്ക്കുന്ന ക്രൗഡ് ഫണ്ടിങ്ങിന്റെ ഭാഗമായുള്ള സ്പോൺസർഷിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ വിസ്മയകരമായ കാര്യങ്ങൾ ചെയ്യാൻ കഴിയും. പ്രവാസികളുടെ സഹായം ഇതിനു പ്രയോജനപ്പെടുത്തണം. പ്രളയാനന്തര പുനർനിർമാണത്തിൽ പഞ്ചായത്തുകൾ മുൻകൈയെടുത്താൻ വലിയ തോതിൽ വിഭവ സമാഹരണം സാധ്യമാകും. ആലപ്പുഴയിലെ പ്രളയത്തിൽ തകർന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അംഗൻവാടികളും സ്കൂളുകളും സ്പോൺസർഷിപ്പിൽ പുനർ നിർമിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. വീടുകളും ഈ രീതിയിൽ അറ്റകുറ്റപ്പണി ചെയ്യാവുന്നതാണ്. തദ്ദേശ സ്ഥാപന മേലധികാരികൾ തയ്യാറാണെങ്കിൽ ഇതു കേരളം മുഴുവൻ വ്യാപിപ്പിക്കാനാകും.

പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി എല്ലാ വീടുകളിലും വളക്കുഴി നിർമിക്കാനാകണം. ഇതിനു വിപുലമായ പ്രചാരണം നൽകി ജനകീയ ആവേശമാക്കി മാറ്റാൻ തദ്ദേശ സ്ഥാപനങ്ങൾക്കു കഴിയണമെന്നും മന്ത്രി പറഞ്ഞു. □

റോഡ് അറ്റകുറ്റപ്പണിക്ക് കൂടുതൽ ഫണ്ട് ആവശ്യമുള്ള തദ്ദേശ സ്ഥാപനങ്ങൾക്കാകും മുൻഗണന നൽകുക. ഇതിന്റെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കണം.

വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയപൂർണമായ ആവാസവ്യവസ്ഥ സൃഷ്ടിക്കണം: മന്ത്രി സി. രവീന്ദ്രനാഥ്

വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയപൂർണമായ ആവാസവ്യവസ്ഥ രൂപപ്പെടുത്തി യെടുക്കണമെന്ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്. വിദ്യാലയങ്ങളെ ജനകീയമാക്കി വളർത്തി പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുകയെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാടെന്നും അദ്ദേഹം പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നടക്കുന്ന നവകേരളം കർമ പദ്ധതി ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടുത്ത അധ്യയന വർഷം ഈ വർഷത്തേതിനേക്കാൾ കൂടുതൽ വിദ്യാർഥികൾ പൊതുവിദ്യാലയങ്ങളിലെത്തുമെന്ന് ഉറപ്പുവരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്ന് മന്ത്രി പറഞ്ഞു. മതിയായ കുട്ടികളില്ലാത്ത സ്കൂളുകളിൽ കൂടുതൽ വിദ്യാർഥികളെ എത്തിക്കാൻ ജനകീയ കർമപദ്ധതികൾ ആസൂത്രണം ചെയ്യണം. ജനങ്ങളെ പങ്കെടുപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ ഉണ്ടാകേണ്ടത്. അങ്ങനെയായാൽ മാറ്റങ്ങൾ നിലനിർത്താൻ ജനങ്ങളുടെ പിന്തുണയുണ്ടാകും.

സ്കൂളുകളിൽ അധ്യാപകരില്ലാത്ത സാഹചര്യമുണ്ടാകാതിരിക്കാൻ പഞ്ചായത്തുകൾ ജാഗരൂകരായിരിക്കണം. സ്ഥിരം അധ്യാപകരില്ലാത്ത സ്ഥിതിയുണ്ടെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ ഉടൻ നിയമിക്കണം. ഇത് അനുവദിച്ച് സർക്കാർ ഉത്തരവുണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എട്ടു മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കിയിട്ടുണ്ട്. ചില സ്കൂളുകളിൽ പല കാരണങ്ങൾകൊണ്ടും ഈ സംവിധാനം പൂർണ പ്രവർത്തനക്ഷമ മായിട്ടില്ല. ഭൗതിക സാഹചര്യ ങ്ങളുടെ കുറവുമൂലമാണ് ഇങ്ങനെ വന്നിട്ടുള്ളത്. ഇതും പഞ്ചായത്തുകൾ ഇടപെട്ടു പരിഹരിക്കണം. എട്ടു മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആയി എന്ന് ഉറപ്പുവരുത്തേണ്ടത് കടമയായി കാണാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു കഴിയണം.

എൽ.പി, യു.പി. സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനും പഞ്ചായത്തുകളുടെ പിന്തുണ വിദ്യാഭ്യാസ വകുപ്പിനു വേണമെന്നു മന്ത്രി പറഞ്ഞു. ഓരോ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെയാണു വേണ്ടതെന്ന് പഞ്ചായത്തുകൾ കണക്കെടുത്ത് വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചാൽ വകുപ്പ് അതിനുള്ള തുടർ നടപടികൾ ചെയ്യും. ഹൈടെക് ക്ലാസ് ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനു പരിമിതികളുണ്ടെങ്കിൽ പഞ്ചായത്തുകൾ ഇടപെടണം. അടച്ചുറപ്പുള്ള മുറികൾ, അറ്റകുറ്റപ്പണി, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ ഉറപ്പുവരുത്താൻ പഞ്ചായത്തുകൾക്ക് ഏറെ സഹായം നൽകാനാകും.

500ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളുടെ കെട്ടിടം നവീകരിക്കുന്നതിന് കിഫ്ബിയിൽപ്പെടുത്തി ഫണ്ട് ലഭ്യമാക്കാൻ സർക്കാർ പദ്ധതിരേഖ തയാറാക്കിക്കൊണ്ടിരിക്കുകയാണെന്നു മന്ത്രി പറഞ്ഞു. ഇതു മുന്നിൽക്കണ്ട് തങ്ങളുടെ അധികാരപരിധിയിലുള്ള സ്കൂളുകളിൽ പഞ്ചായത്തുകൾ പരിശോധന ആവശ്യങ്ങൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് തയാറാക്കണം. ഒരു പഞ്ചായത്തിൽ ഒരു സ്കൂളിലെങ്കിലും മെച്ചപ്പെട്ട ലാബും ലൈബ്രറിയുമുണ്ടാകണം.

ജൈവ വൈവിധ്യ ഉദ്യാനങ്ങൾ വിദ്യാലയങ്ങളിൽ ഉറപ്പാക്കണം. 33 ശതമാനം ഹരിതാവരണം എല്ലാ സ്കൂളുകളിലുമുണ്ടാകണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കൃഷി, വനം വകുപ്പുകളുമായി ബന്ധപ്പെട്ട് ഇതു പൂർത്തിയാ ക്കാനുള്ള നടപടിയെടുക്കണമെന്നും മന്ത്രി പറഞ്ഞു. ☐

ഓരോ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെയാണു വേണ്ടതെന്ന് പഞ്ചായത്തുകൾ കണക്കെടുത്ത് വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചാൽ വകുപ്പ് അതിനുള്ള തുടർ നടപടികൾ ചെയ്യും.

പൊതുവിദ്യാഭ്യാസ മികവിന് അക്കാദമിക് മാസ്റ്റർപ്ലാൻ ഒരുങ്ങുന്നു

കെ.വി. മോഹൻകുമാർ ഐ എ എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനു ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ വിശദമായ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.വി. മോഹൻകുമാർ. ഓരോ കുട്ടിയുടെയും കഴിവുകളും സവിശേഷതകളും തിരിച്ചറിഞ്ഞ് എങ്ങിനെയെല്ലാം വിനിമയം ചെയ്യാമെന്ന അന്വേഷണമാണ് അക്കാദമിക് പ്ലാൻ മുന്നോട്ടു വെയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ നടക്കുന്ന നവകേരളം കർമപദ്ധതി ശിൽപ്പശാലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാവി പ്രവർത്തന പരിപാടികൾ അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണു മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. വിദ്യാലയങ്ങളിൽ ഹരിത നിയമാവലി കർശനമാക്കും. മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഒരുക്കുന്നതിന്റെ ആദ്യഘട്ടത്തിൽ 141 വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭാഷാ ശേഷി, ആശയവിനിമയ പാടവം, ജീവിത നൈപുണ്യം ഇവയിൽ ഓരോ കുട്ടിക്കും മികച്ച പരിശീലനം നൽകും. ലബോറട്ടറികളും ലൈബ്രറി സംവിധാനവും കൂടുതൽ മെച്ചപ്പെടുത്തും. സംസ്ഥാനത്താകെ നിലവിൽ 43,329 ക്ലാസ് മുറികളെ ഹൈടെക്കാക്കിയിട്ടുണ്ട്. ബാക്കിയുള്ള 1,671 ക്ലാസ് മുറികൾ ഹൈടെക്കാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

ഹൈടെക്ക് ക്ലാസ് മുറികളുടെ സുഗമമായ പ്രവർത്തനത്തിനായി സൗരോർജ പാനലുകൾ സ്ഥാപിക്കും. സ്കൂൾ ക്യാമ്പസുകൾ 33 ശതമാനം ഹരിതാവരണമുള്ളതാക്കുന്നതിന്റെ ഭാഗമായി ജൈവ വൈവിധ്യ ഉദ്യാനം നിർമിക്കും. അക്കാദമിക പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി പഠനങ്ങൾ നടത്തൽ, പഠന ദിനങ്ങൾ ഉറപ്പാക്കൽ, കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങളെ മെച്ചപ്പെടുത്തൽ, അവയുടെ ശാസ്ത്രീയമായ ഡോക്യുമെന്റേഷൻ, സവിശേഷ ശ്രദ്ധ അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിപാടികൾ, പ്ലാസ്റ്റിക്, കീടനാശിനി, ലഹരി മുക്ത ക്യാമ്പസ് സൃഷ്ടിക്കൽ എന്നിവയും പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാവി പരിപാടികളാണ്. ഇവയെ കൃത്യമായി നടപ്പിലാക്കി അക്കാദമിക് മികവുകളോടെ കേരള വിദ്യാഭ്യാസ മാതൃക സൃഷ്ടിക്കലാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

പൊതു വിദ്യാഭ്യാസ സെക്രട്ടറി എ. ഷാജഹാൻ, ആസൂത്രണ ബോർഡ് അംഗം ഡോ. ബി. ഇക്ബാൽ, നവകേരളം കർമപദ്ധതി സംസ്ഥാന കോ-ഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ജനപ്രതിനിധികളായ എ.ജി.സി. ബഷീർ, അഡ്വ. വി. രാജേന്ദ്രബാബു, സാബു കെ. ജേക്കബ്, പി. ഖാലിദ് മാസ്റ്റർ തുടങ്ങിയവർ സെഷനിൽ പങ്കെടുത്തു. □

ആശയങ്ങൾ സമർപ്പിക്കാം

നവകേരള നിർമിതിക്കായി ത്രിതല പഞ്ചായത്തുകൾക്ക് ആശയങ്ങൾ സമർപ്പിക്കാം. പ്രളയാനന്തര വികസനത്തിന്റെ ഭാഗമായി ജില്ലാ അടിസ്ഥാനത്തിൽ സമർപ്പിച്ചിട്ടുള്ള വികസന ആശയങ്ങൾ പരിശോധിച്ചുവരുകയാണെന്ന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സി.ഇ.ഒ. ഡോ. വി. വേണു പറഞ്ഞു. നാലാഞ്ചിറ ഗുരുദീപം കൺവെൻഷൻ സെന്ററിൽ നടന്ന നവകേരളം കർമ്മ പദ്ധതി ശിൽപശാലയിൽ പ്രളയാനന്തര വികസന കാഴ്ചപ്പാട് എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

ദുരിതബാധിത പ്രദേശങ്ങളിൽ വരുംകാല വളർച്ച കൂടി മുന്നിൽക്കണ്ട് ലോകോത്തര നിലവാരത്തിലുള്ള വികസനമാണ് പദ്ധതിയിടുന്നത്. കേരള പുനർ നിർമ്മിതിയിൽ ത്രിതല പഞ്ചായത്തുകൾക്കാണ് ഫലപ്രദമായ വികസന ആശയങ്ങൾ അവതരിപ്പിക്കാൻ സാധിക്കുന്നത്.

ത്രിതല സംവിധാനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ കേരള പുനർ നിർമ്മിതി മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിലേക്കായി ആശയങ്ങൾ സമർപ്പിക്കാമെന്നും അദ്ദേഹം പറഞ്ഞു. □

ഐബിപിഎംഎസ് സോഫ്റ്റ്‌വെയർ

തദ്ദേശ സ്വയംഭരണവകുപ്പിൽ കെട്ടിടങ്ങളുടെ പെർമിറ്റ് നല്കുന്നതിനുള്ള ഐബിപിഎം എസ് സോഫ്റ്റ്‌വെയർ സമയബന്ധിതമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് രംഗത്ത്. കെട്ടിട നിർമ്മാണ അപേക്ഷകൾ സമർപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സങ്കേതം എന്ന സോഫ്റ്റ്‌വെയർ ആണ് ഉപയോഗിച്ച് വരുന്നത്. എന്നാൽ ഈ സോഫ്റ്റ്‌വെയറിൽ നല്കുന്ന അപേക്ഷകൾക്ക് അനുമതി കിട്ടാൻ കാലതാമസം നേരിടുന്നതായി ആക്ഷേപം ഉയർന്നിരിക്കുന്നു. പ്ലാൻ ഓൺലൈനായി സമർപ്പിക്കുന്നതിനും നഗരാസൂത്രണ കാര്യാലയത്തിലേക്ക് ഓൺലൈനായി കൈമാറാനും മാനുഷിക ഇടപെടൽ കുട്ടുതലായുള്ള ഈ സോഫ്റ്റ്‌വെയറിൽ സാധ്യമായിരുന്നില്ല. അതിനാലാണ് കാലതാമസമൊഴിവാക്കാനുതകുന്ന സംവിധാനമുള്ള ഐബിപിഎംഎസ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ സർക്കാർ തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ കോർപ്പറേഷനുകളിലും നഗരസഭകളിലുമാണ് ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

ഈസ് ഓഫ് ഡൂയിംങ് ബിസിനസിന്റെ ഭാഗമായി കെഎസ്ഐഡിസി ടെണ്ടറിലൂടെ കണ്ടെത്തിയ ഏജൻസി മുഖേന വികസിപ്പിച്ച ഐബിപിഎംസ് സോഫ്റ്റ്‌വെയറാണ് (ഇന്റലിജന്റ് ബിൽഡിങ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കാൻ നടപടി സ്വീകരിച്ചത്. കേന്ദ്ര സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംങ് ബിസിനസ് പോളിസിക്കനുസരിച്ച് പുറപ്പെടുവിച്ച ആക്ഷൻ പ്ലാൻ അനുസരിച്ചാണ് ഈ സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ആദ്യഘട്ടമെന്നനിലയിൽ കോഴിക്കോട് കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ കോർപ്പറേഷനുകളിലും നഗരസഭകളിലും ഉപയോഗിക്കും. തുടർന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കാനാവശ്യമായ പ്രായോഗിക പരിശീലനം എല്ലാ നഗരസഭകളിലെ ജീവനക്കാർക്കും ലൈസൻസികൾക്കും പൂർത്തീകരിച്ചു വരുന്നു. ഈ സോഫ്റ്റ്‌വെയറിൽ പ്ലാൻ സമർപ്പണം, പരിശോധന, പെർമിറ്റ് അനുമതി നല്കൽ എന്നീ എല്ലാ ഘട്ടങ്ങളും സോഫ്റ്റ് വെയറിലൂടെ നിർവ്വഹിക്കാൻ കഴിയും. നഗരാസൂത്രണ വകുപ്പിന്റെ അനുമതി ആവശ്യമായ പ്ലാനുകൾ കൈമാറുന്നതിനും പര്യാപ്തമായ വിധത്തിലാണ് സോഫ്റ്റ് വെയർ സജ്ജീകരിച്ചിട്ടുള്ളത്.

കെട്ടിട നിർമ്മാണ അപേക്ഷകൾ നല്കുന്ന പ്രാരംഭഘട്ടത്തിൽ തന്നെ പോരായ്മകളുള്ള പ്ലാനുകൾ സമർപ്പിച്ചവർക്ക് വിവരം അറിയാനും, ആവശ്യമായ തിരുത്തലുകൾ വരുത്താനും ഇതിലൂടെ കഴിയും. മാനുഷിക ഇടപെടലുകൾ പരമാവധി കുറയ്ക്കുന്നു എന്നതാണ് ഇതിന്റെ മേന്മ. സോഫ്റ്റ് വെയറിന്റെ ഫീൽഡ് ടെസ്റ്റിംങ് ഘട്ടത്തിൽ ഓട്ടോകാഡ് എന്ന ചെലവേറിയ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന പ്ലാനുകൾ മാത്രമേ സമർപ്പിക്കാൻ കഴിയൂ എന്ന പരാതി ഉയർന്നിരുന്നു. നിലവിൽ ആ പരാതി പരിഹരിക്കുകയും ചെലവ് കുറഞ്ഞ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന പ്ലാനുകളും സ്വീകരിക്കാൻ കഴിയും വിധം സംവിധാനമൊരുക്കിയിട്ടുണ്ട്.

മലബാർ ചേംബർ ഓഫ് കൊമേഴ്സിന്റെ സാമ്പത്തിക സഹായത്തോടെ തയ്യാറാക്കിയ സുവേഗ സോഫ്റ്റ് വെയർ ഇപ്പോൾ കോഴിക്കോട് കോർപ്പറേഷനിൽ വിജയകരമായി ഉപയോഗിച്ച് വരുന്നുണ്ട്. ഇത് തുടർന്നും കോഴിക്കോട് കോർപ്പറേഷനിൽ ഉപയോഗിക്കും. □

കെട്ടിട നിർമ്മാണ അപേക്ഷകൾ നല്കുന്ന പ്രാരംഭഘട്ടത്തിൽ തന്നെ പോരായ്മകളുള്ള പ്ലാനുകൾ സമർപ്പിച്ചവർക്ക് വിവരം അറിയാനും, ആവശ്യമായ തിരുത്തലുകൾ വരുത്താനും ഇതിലൂടെ കഴിയും.

വാർത്തകൾ വിശേഷങ്ങൾ

ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തുന്ന ടാറിംഗ് പ്രവൃത്തികൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നടത്തുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ സർക്കുലർ പുറപ്പെടുവിച്ചു .

(സർക്കുലർ നമ്പർ ഡിബി3-4620/2012/സിഇ/തസ്വഭവ, തീയതി 5 .12.2018)

നിർമ്മാണ പെർമിറ്റുകൾ കാലാവധി പരിഷ്കരിച്ചു

ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ ഭാഗമായി കെട്ടിട നിർമ്മാണ പ്ലാൻ അനുമതിക്കുള്ള കാലയളവ് 30 ദിവസത്തിനകവും പ്ലിന്ത് ഇൻസ്പെക്ഷൻ 7 ദിവസത്തിനകവും ഫൈനൽ കംപ്ലീഷൻ/ ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് 8 ദിവസത്തിനകവും നൽകേണ്ടതാണെന്ന് ഉത്തരവായി.

(ജി.ഒ.(എം.എസ്) നം 76/2018/എൽഎസ്ജിഡി തീയതി, 27 11 2018)

അച്ചടി ജോലികൾ ഗ്രാമലക്ഷ്മിക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കക്ഷേമ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള റൂറൽ എംപ്ലോയ്മെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ യൂണിറ്റായ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ)നം. 1212/2018/പജ പവവിവ, തീയതി 27.11.2018)

മലിനമായ കിണറുകൾ ശുചിയാക്കുന്നതിന് അനുമതി

പ്രളയബാധിത പഞ്ചായത്തുകളിലെ കവിഞ്ഞൊഴുകി മലിനമായ കിണറുകൾ വെള്ളം വറ്റിച്ച് ശുചിയാക്കുന്നതിന് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം തനതു ഫണ്ട് ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ വർഷത്തേക്ക് മാത്രം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. പ്രവർത്തിയുടെ നിരക്ക് ചെലവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എൻജിനീയർമാർ നിശ്ചയിക്കേണ്ടതും ഇത്തരം പ്രവൃത്തികൾ ഉണ്ടെങ്കിൽ അത് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടതുമാണ്.

(സ.ഉ(സാധാ)നം. 3015/2018 തസ്വഭവ, തീയതി 28.11.2018)

അഗതിരഹിത കേരളം: മാർഗ്ഗരേഖ ഭേദഗതി ചെയ്തു

അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഭേദഗതി വരുത്തിക്കൊണ്ടും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതി ചലഞ്ച് ഫണ്ട് തുക അനുവദിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(എം.എസ്.)നം.183/2018 തസ്വഭവ, തീയതി 6/12/2018)

നവംബർ വരെയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു

2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ വരെയുള്ള നാല് മാസത്തേക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 1893 .0 2 കോടി രൂപ അനുവദിച്ചു.

(സ.ഉ (സാധാ)നം. 10132/2018/ധന, തീയതി 10.12.2018)

പുറമ്പോക്ക് സംരക്ഷണം: മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലും ഉള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(പഞ്ചായത്ത് ഡയറക്ടറുടെ 8.11.2018ലെ സി 2-15471/18 നമ്പർ സർക്കുലർ)

വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികൾ മറ്റ് വളർത്തുമൃഗങ്ങൾ എന്നിവ കാരണം സാധാരണ ജനജീവിതം ദുസ്സഹമാക്കുന്നതും വാഹന അപകടങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു.

(പഞ്ചായത്ത് ഡയറക്ടറുടെ 26.11.2018ലെ PAN/ 24693/2018-C4 (DP) നമ്പർ സർക്കുലർ)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

തൊടുപുഴ വാസന്തി സ്മാരക വയോജന പാർക്ക്

വ്യത്യസ്തത കൊണ്ട് വിജയം രചിക്കുന്നവർ

ജയകുമാർ തൊടുപുഴ

1950കളിൽ ഞാൻ പട്ടാളത്തിലായിരുന്നപ്പോൾ....

അനുഭവങ്ങളുടെ ഭൂതകാലത്തിലേക്ക് വാസുദേവൻ ചേട്ടൻ നടന്ന കയറിയപ്പോൾ ചുറ്റുമുള്ള വരും കാതുകൂർപ്പിച്ചു. വൈകുന്നേരങ്ങളിലെ വെടിവെട്ടവുമായി ഇവിടെ ഒത്തുചേരുന്നത് പോയകാലത്തിന്റെ അവശേഷിപ്പുകൾക്ക് സ്വന്തം കൈമുദ്ര ചാർത്തിയ വാസുദേവൻ ചേട്ടനെ പോലെയുള്ള പലരുമാണ്. പുതിയ തലമുറ ആൻഡ്രോയിഡിന്റെ എൽ.ഇ.ഡി വെളിച്ചത്തിലേക്ക് തലകമ്പിടുമ്പോൾ ഈ പഴയ തലമുറ തലയുയർത്തുന്നത് സൗഹൃദത്തിന്റെ പുതിയ വെളിച്ചത്തിലേക്കാണ്.

ഇത് മണക്കാട് ഗ്രാമപഞ്ചായത്തിന്റെ തൊടുപുഴ വാസന്തി സ്മാരക വയോജന പാർക്ക്. ജീവിത സായന്തനത്തിലെത്തിയവർക്ക് ദിവസത്തിന്റെ സായന്തനത്തിൽ ഒത്തുചേരുന്നതിനും ഓർമ്മകൾ പങ്കിടുന്നതിനും ഗതകാലസ്മരണകളിലേക്ക് ഒരു തിരനോട്ടം നടത്തുന്നതിനുമായി

ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം, ആരോഗ്യ കേരള പുരസ്കാരം, നിർമ്മൽ പുരസ്കാരം, മഹാത്മാ പുരസ്കാരം, ഐ.എസ്.ഒ അംഗീകാരം തുടങ്ങിയ നേട്ടങ്ങളുമായി വികസനത്തിന്റെ വ്യത്യസ്തതകൾ തേടിയുള്ള യാത്രയിലാണ് ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്ത്.

മറ്റ് പഞ്ചായത്തു കളിലെയോ സമീപ ജില്ലകളിലെയോ കർഷകർ മണക്കാട് പഞ്ചായത്തിന്റെ കൃഷി ഭവനിലെത്തുന്നതിൽ അത്ഭുതപ്പെടേണ്ട.

മഴമറ - ടെറസിലെ പച്ചക്കറി കൃഷി

പഞ്ചായത്ത് 2017-18 വർഷം 3.5 ലക്ഷം മുടക്കി സീനിയർ സിറ്റിസണുവേണ്ടി നടപ്പാക്കിയ നൂതന പ്രോജക്ടാണ് വയോജനപാർക്ക്. ഇവിടെയെത്തുന്ന ഇവർ ഇപ്പോൾ വൃദ്ധന്മാരല്ല, അറുപതും എഴുപതും വർഷത്തെ ജീവിതാനുഭവം ഉള്ള ചെറുപ്പക്കാരാണ്.

ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം, ആരോഗ്യ കേരള പുരസ്കാരം, നിർമ്മൽ പുരസ്കാരം, മഹാത്മാ പുരസ്കാരം, ഐ.എസ്.ഒ അംഗീകാരം തുടങ്ങിയ നേട്ടങ്ങളുമായി വികസനത്തിന്റെ വ്യത്യസ്തതകൾ തേടിയുള്ള യാത്രയിലാണ് ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്ത്.

പ്ലാന്റ് ഹെൽത്ത് ക്ലിനിക്

മറ്റ് പഞ്ചായത്തുകളിലെയോ സമീപ ജില്ലകളിലെയോ കർഷകർ മണക്കാട് പഞ്ചായത്തിന്റെ കൃഷിഭവനിലെത്തുന്നതിൽ അത്ഭുതപ്പെടേണ്ട. കാരണം കൃഷി സംബന്ധമായ എല്ലാ സംശയത്തിനും ഇവിടെ തൃപ്തികരമായ ഉത്തരമുണ്ട്. കൃഷിഭവന്റെ നേതൃത്വത്തിലുള്ള ഇടുക്കി ജില്ലയിലെ മോഡൽ പ്ലാന്റ് ക്ലിനിക്കാണ് കർഷകരുടെ ഈ ബന്ധു. സസ്യങ്ങളുടെ കീടരോഗ നിർണ്ണയം നടത്തുന്നതിന് ആവശ്യമായ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ലാബും മറ്റ് സംവിധാനങ്ങളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിൽ സജ്ജീകരിച്ചിട്ടുണ്ട്. രോഗം വന്ന സസ്യങ്ങളുടെ ഇല, തണ്ട്, കായ് തുടങ്ങിയവയുടെ സാമ്പിളുകളുമായി ഇവിടെ എത്തുന്ന കൃഷിക്കാർക്ക് അവരുടെ സസ്യങ്ങളുടെ രോഗം, കീടം ഇവ എന്തെന്ന് കണ്ടെത്തി അതിനുള്ള പ്രതിരോധ പരിപാലന മുറകൾ എന്തൊക്കെയെന്ന് മനസിലാക്കുന്നതിനും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഇവിടെ നിന്ന് ലഭിക്കുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിക്കുന്നതിനുള്ള കിറ്റ്, രോഗം ബാധിച്ച ഭാഗങ്ങൾ കൾചർ ചെയ്യുന്നതിനുള്ള സംവിധാനം on farm, off farm ട്രെയിനിംഗുകൾ, അതാതു സീസണിലെ കൃഷിപ്പണികൾ സംബന്ധിച്ച് അറിവു നല്കുന്ന ഹരിതവേദി എന്ന ദ്വൈവാരിക പ്രസിദ്ധീകരണം തുടങ്ങി കർഷകന്റെ എൻസൈക്ലോപീഡിയയായ ക്ലിനിക്കിന്റെ പൂർണ്ണ ചുമതലയും നിയന്ത്രണവും സംസ്ഥാന സർക്കാരിന്റെ മികച്ച കൃഷി ഓഫീസർ അവാർഡ് ജേതാവായ സിബി ജോസഫിന്റെ കൈകളിൽ ഭദ്രമാണ്.

തരിശുനിലത്തിൽ പൊന്നു വിളയിക്കുന്നവർ

അന്നം തരുന്ന മണ്ണിനെ മറന്ന് വെള്ളക്കോളർ ജോലിക്കായി ഒരു തലമുറ നെട്ടോട്ടമോടുമ്പോൾ വെള്ളക്കോളർ മണ്ണിനെ സ്നേഹിക്കാനും പൊന്നുവിളയിക്കാനുമുള്ള ഉപാധിയാക്കുന്ന ഒരു കൂട്ടരും ഇവിടെയുണ്ട്. മണക്കാട് പി.എച്ച്.സിയുടെ 62 സെന്റ് സ്ഥലത്ത് വിളഞ്ഞുനില്ക്കുന്ന വിവിധയിനം ജൈവപച്ചക്കറികളുടെ പിന്നിൽ പ്രവർത്തിച്ചത് ബംഗാളിയുടെ കൈകളല്ല. സിറിഞ്ചും സൂചിയും സ്റ്റെതസ്കോപ്പും പിടിക്കുന്ന ഒരു കൂട്ടം ആരോഗ്യ പ്രവർത്തകരുടെ രോഗീസാന്ത്വന കൈകളാണ്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തരിശായികിടക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കൃഷി ഭവന്റെ സഹായത്തോടെ കൃഷിയിറക്കി വിജയഗാഥ രചിക്കുന്ന ഗ്രാമവാസികളും മണക്കാട് പഞ്ചായത്തിന്റെ അഭിമാനമാണ്. ഏകദേശം 27ഹെക്ടറോളം തരിശ് സ്ഥലം ഈ നാളുകൾകൊണ്ട് ഫലഭൂയിഷ്ഠതയിലേക്ക് മടങ്ങി.

കർമ്മനിരതമീ ഹരിതസേന

മാസത്തിന്റെ 5നം 10നം ഇടയിലുള്ള തീയതിയിൽ എപ്പോൾ വേണമെങ്കിലും വിളി വരാം. ഹരിതകർമ്മ സേനയല്ലേ? പ്ലാസ്റ്റിക് റെഡി ആണ്....... പോന്നോളൂ ട്ടോ .....പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 34 അംഗങ്ങളുടെ ഹരിതസേന എപ്പോഴും സജ്ജമാണ്. കടകളിൽ നിന്നും വീടുകളിൽ നിന്നും ശേഖരിക്കുന്ന ക്ലീൻ ചെയ്ത പ്ലാസ്റ്റിക്കുകൾ എം.സി.എഫ് ലും തുടർന്ന് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലും എത്തിക്കുന്നു. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നിർദ്ദേശവും ശുചിത്വ മിഷന്റെ സഹായത്തോടെ ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ് എന്നിവയും പഞ്ചായത്ത് നൽകിയിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി മണക്കാടിനെ മാറ്റുന്നതിനുള്ള ശ്രമത്തിലാണ് പഞ്ചായത്ത്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചിറ്റൂർ, അരിക്കുഴ എൽ.പി സ്കൂളുകളിൽ 5 ലക്ഷം രൂപ മുടക്കി 2 സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിച്ചു. ആധുനികതയുടെ അനന്ത സാധ്യതകൾ പിഞ്ചുമനസ്സുകളിൽ പകരുന്നതിനും ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ പ്രായോഗിക പരിജ്ഞാനവും ഈ ക്ലാസ്സുകളിൽ അവർക്ക് ലഭിക്കുന്നു.

ഇത് ഞങ്ങളുടെ ഏരിയാ.....

ഉച്ചഭക്ഷണത്തിനു ശേഷമുള്ള ഇടവേളയിലും തിരക്ക് കുറവുള്ള സമയങ്ങളിലും ജീവനക്കാരും ജനപ്രതിനിധികളും തിരക്കിട്ട് പോകുന്നത് ടെറസ്സിലെ പച്ചക്കറിത്തോട്ടത്തിലേ ക്കാണ്.

മഴമറകൊണ്ട് മേലാപ്പിട്ട ഈ കൂടാരത്തിന് കീഴിൽ ഗ്രോബാഗിൽ വിളയുന്ന പച്ചക്കറികൾക്ക് വിത്തും വളവും പരിചരണവും നല്കുന്നത് സ്ഥാനമാനങ്ങൾകൊണ്ട് മതിലുകൾ തീർക്കാത്ത ജീവനക്കാരും ജനപ്രതിനിധികളുമാണ്. ഇതാണ് ഞങ്ങളുടെ വിജയരഹസ്യം. പറയുന്നത് മണക്കാടിന്റെ അമരക്കാരായ രണ്ട് വനിതകളാണ്. പ്രസിഡൻറ് വൽസ ജോണും സെക്രട്ടറി ലൗലി ജോണും പോയ വർഷം നികുതി പിരിവ് 90% ന് മേൽ എത്തിച്ചതും പദ്ധതിച്ചലവ് 100% നേടിയതും ഇവരുടെ പിഴയ്ക്കാത്ത കണക്കുകൂട്ടലുകൾ തന്നെ. ഓഫീസിൽ ഞങ്ങൾ ഒരു കുടുംബമാണ്. ജീവനക്കാരും ജനപ്രതിനിധികളും നിർവ്വഹണ ഉദ്യോഗസ്ഥരും ചേർന്ന വലിയ കുടുംബം. പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഭരണ പ്രതിപക്ഷമില്ല. എല്ലാവരും ഗ്രാമത്തിന്റെ ഉന്നതി മാത്രം സ്വപ്നം കാണുന്നവർ.

ശരിയാണ്. ഈ മനോഭാവം തന്നെയാണ് മണക്കാട് പഞ്ചായത്തിനെ വേറിട്ട രീതിയിൽ ചിന്തിപ്പിക്കുന്നതും മുന്നോട്ട് നയിക്കുന്നതും. □

ഓഫീസിൽ ഞങ്ങൾ ഒരു കുടുംബമാണ്. ജീവനക്കാരും ജനപ്രതിനിധികളും നിർവ്വഹണ ഉദ്യോഗസ്ഥരും ചേർന്ന വലിയ കുടുംബം.

ലേഖകൻ മണക്കാട് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റാണ്.

സജീവമാകേണ്ട ജൈവ വൈവിധ്യ പരിപാലന സമിതികൾ

സുരേഷ് മാമ്പിള്ളിൽ

ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, പരിപാലന സമിതികൾ എന്നിവ ഉൾപ്പെട്ട ത്രിതല സംവിധാനത്തിൽ കൂടിയാണ് ജൈവവൈവിധ്യ നിയമം നടപ്പിലാക്കുന്നത്.

സമീപകാല പ്രളയം കേരളത്തിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. സുഖകരമായ കാലാവസ്ഥ, പ്രകൃതിക്ഷോഭങ്ങളുടെ നിരന്തര വെല്ലുവിളികളില്ലായ്മ, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ സൃഷ്ടിച്ച സുഖലോലുപത എന്നിവയെല്ലാം ഏതു നിമിഷവും കീഴ്മേൽ മറിയാം എന്ന ഭീകരമായ യാഥാർത്ഥ്യം കേരള ജനതയെ ബോദ്ധ്യപ്പെടുത്തിയ പ്രളയമായിരുന്നു 2018 ആഗസ്റ്റിലേത്.

ഉയരുന്ന ആഗോളതാപനില, അപ്രതീക്ഷിതവും അപരിചിതവുമായ ചുഴലിക്കാറ്റുകൾ, വളരെവേഗം അപ്രത്യക്ഷമാകുന്ന മഞ്ഞുപാളികൾ, പുതിയതും ഭീതിദവുമായ പകർച്ചവ്യാധികൾ, കാലം തെറ്റിപ്പെയ്യുന്ന മഴയും അതിവൃഷ്ടിയും അനാവൃഷ്ടിയും കാർഷിക വിളകളുടെ വൻ നാശം, ഭൂഗർഭജലത്തിന്റെ ശോഷണം എന്നിവ ഗൗരവമായി പരിഗണിക്കേണ്ട വിഷയങ്ങളാണെന്ന് ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച വിവിധ അന്താരാഷ്ട്ര കരാറുകളിൽ ഇന്ത്യയും പങ്കാളിയാണ്. അതുപോലെ തന്നെ ജൈവവൈവിധ്യ സംരക്ഷണം, ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, അതിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവെയ്ക്കൽ എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് 1992ൽ റിയോഡി ജനീറോയിൽ കൂടിയ ഉച്ചകോടിയിൽ രൂപീകൃതമായതാണ് ജൈവ

വൈവിധ്യ ഉടമ്പടി.

ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് ജൈവവൈവിധ്യ കരാർ പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി 2002ലാണ് ഇന്ത്യ നിയമം പാസ്സാക്കിയത്. ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, പരിപാലന സമിതികൾ എന്നിവ ഉൾപ്പെട്ട ത്രിതല സംവിധാനത്തിൽ കൂടിയാണ് ജൈവവൈവിധ്യ നിയമം നടപ്പിലാക്കുന്നത്.

ഇതിലെ ആദ്യ ഘട്ടമെന്ന നിലയിൽ പഞ്ചായത്തുതലത്തിൽ ജൈവ സമ്പത്തിന്റെയും നാട്ടറിവുകളുടെയും രേഖ - ജൈവവൈവിധ്യ രജിസ്റ്റർ എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ കൂടിയും കാലാനുസൃതമായ ഭേദഗതികളോ സമൂഹനന്മയ്ക്കായി അത് എപ്രകാരം വിനിയോഗിക്കാമെന്നതിനെക്കുറിച്ചോ വ്യക്തമായ ധാരണ പഞ്ചായത്തുതല ജൈവ പരിപാലന സമിതി അംഗങ്ങൾക്ക് (BMC) നിലവിലില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവർ യഥാക്രമം BMC യുടെ ചെയർമാനും സെക്രട്ടറിയുമാണ്. വനം, വന്യജീവി, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, ഫിഷറീസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികളും എം.എൽ.എ.യും എം.പി.യും പ്രത്യേക ക്ഷണിതാക്കളുമാണ്. BMC അംഗങ്ങൾ തന്നെയാണ് കൺവീനറെ തെരഞ്ഞെടുക്കേണ്ടത്.

തിരമാലപോലെ വരുന്ന ജോലിഭാരവും തദനുസരണമായ ജീവനക്കാരുടെ ലഭ്യതക്കുറവും വിവിധ പദ്ധതികളുടെ കൃത്യതയോടെയുള്ള നടത്തിപ്പിനും നിരന്തര നിരീക്ഷണത്തിനും പഞ്ചായത്തുകളിൽ തടസ്സം സൃഷ്ടിക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടു തന്നെ വിവിധ ജനകീയപദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിനുതകുന്ന ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ സമയക്കുറവു കൊണ്ടു തന്നെ അവഗണനയിലേക്ക് മാറ്റപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. പഞ്ചായത്തുതല ജൈവവൈവിധ്യ പരിപാലന സമിതിയും ഇത്തരത്തിലൊന്നായി പലയിടത്തും മാറിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ പരിസ്ഥിതി സംബന്ധമായ മേൽനോട്ടം, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക ജൈവവൈവിധ്യത്തിന്റെ പുനരുദ്ധാരണം, കാവുകൾ, ജലാശയങ്ങൾ എന്നിവയുടെ സംരക്ഷണം എന്നിവ BMC കളുടെ കർത്തവ്യമാണ്.

2013ൽ പ്രാദേശിക തലത്തിൽ പരിസ്ഥിതിയുടെ ശോഷണം ഒഴിവാക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങളുടെ ചുമതല ജൈവവൈവിധ്യ പരിപാലന സമിതികളെ ഏല്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അതുപ്രകാരം പരിസ്ഥിതി സംരക്ഷണം, ശുചീകരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിസ്ഥിതി ബോധവത്ക്കരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നിവ കൂടാതെ പാറമട, മണൽഖനനം, പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുള്ള വികസനപദ്ധതികൾ നടപ്പാക്കുമ്പോൾ വ്യവസ്ഥകൾ ലംഘിക്കുന്നുണ്ടെങ്കിൽ അക്കാര്യം അധികാര സ്ഥാപനങ്ങളെ അറിയിക്കാനുള്ള ചുമതല, ജൈവകൃഷി, നാടൻ സസ്യ- ജന്തുസംരക്ഷണം, ബയോഗ്യാസ് ഉത്പാദനം, മഴവെള്ള സംഭരണം, മരങ്ങൾ വെച്ചുപിടിപ്പിക്കൽ, സൗരോർജ്ജം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾ നടപ്പിൽ വരുത്തുക എന്നതും BMC യ്ക്ക് ചെയ്യാവുന്നതാണ്.

നിലവിൽ BMC കൾ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗമല്ലാത്തതിനാലാണ് പദ്ധതി രൂപീകരണവേളയിൽ BMC യുടെ പ്രസക്തി പൊതുജനങ്ങൾക്കോ , ഉദ്യോഗസ്ഥർക്കോ ബോധ്യമാകാത്തത്. ഇത് BMC കളെ അന്യവത്ക്കരിക്കുന്നതിനു കാരണമാകുന്നുണ്ട്.

ലൈസൻസ്, പദ്ധതി രൂപീകരണം എന്നീ കാര്യങ്ങളിൽ BMC യെ ഉൾപ്പെടുത്തുന്നതിനുള്ള കൃത്യമായ നിയമങ്ങൾ ഉണ്ടായെങ്കിൽ മാത്രമെ BMCയുടെ പ്രസക്തി സുസ്ഥിരമായി നിലനില്ക്കുകയുള്ളുവെന്ന കാര്യം അവിതർക്കിതമാണ്. □

ലൈസൻസ്, പദ്ധതി രൂപീകരണം എന്നീ കാര്യങ്ങളിൽ BMC യെ ഉൾപ്പെടുത്തുന്നതിനുള്ള കൃത്യമായ നിയമങ്ങൾ ഉണ്ടായെങ്കിൽ മാത്രമെ BMCയുടെ പ്രസക്തി സുസ്ഥിരമായി നിലനില്ക്കുകയുള്ളു

ലേഖകൻ
മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.
9446315042

നവകേരളം കർമ്മപദ്ധതി ശില്പശാലയുടെ സമാപന സെഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ വേദിയിലേക്ക്.

നവകേരളം കർമ്മപദ്ധതി ശില്പശാലയുടെ ഉദ്ഘാടന സെഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ, ചീഫ് സെക്രട്ടറി ടോം ജോസ്

നഗര–ഗ്രാമങ്ങളിൽ

വി.കെ. രാമചന്ദ്രൻ



ഡോ. കെ.എൻ. ഹരിലാൽ

ശില്പശാലയിൽ പങ്കെടുക്കുന്ന ഗ്രാമ വികസന കമ്മീഷണർ എൻ. പത്മകുമാർ, നഗരകാര്യ വകുപ്പ് ഡയറക്ടർ ആർ.ഗിരിജ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ, കോഴിക്കോട് കോർപ്പറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ, കാഞ്ഞങ്ങാട് മുനിസിപ്പൽ ചെയർമാൻ വി.വി. രമേശൻ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് എന്നിവർ.

പി.എച്ച്. കുര്യൻ

ഡോ. ജോയ് ഇളമൺ

തോട്ടത്തിൽ രവീന്ദ്രൻ

ഡോ. ദിവ്യ എസ്. അയ്യർ

എസ്. ഹരികിഷോർ

സമ്മേളന പ്രതിനിധികൾ

...മന്ത്രിമാരായ പ്രൊഫ. സി.രവീന്ദ്രനാഥ്, എ.സി. മൊയ്തീൻ എന്നിവർ വേദിയിൽ.

നവകേരളം കർമ്മപദ്ധതി ശില്പശാലയുടെ സമാപന സെഷനിൽ മന്ത്രിമാരായ എ.സി. മൊയ്തീൻ, കെ.കൃഷ്ണൻകുട്ടി, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ വേദിയിൽ.

ആവേശം വിതറി നവകേരളം ശില്പശാല കർമ്മപദ്ധതി

വി. കെ. മധു



എം. ശിവശങ്കർ

ഡോ. ബി. ഇക്ബാൽ

അഡ്വ. പി. വിശ്വംഭര പണിക്കർ

എ. അജിത് കുമാർ

ചെറിയാൻ ഫിലിപ്പ്

സമ്മേളന പ്രതിനിധികൾ

ഹരിത വോളന്റിയർമാരോടൊപ്പം മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ്.

...എന്ന് വായനക്കാർ

കേരള സൃഷ്ടിക്കായി ജനകീയാസൂത്രണം

കേരളത്തിന്റെ വികസനപന്ഥാവിൽ സുവർണ്ണ ചരിത്രം രചിച്ച ജനകീയാസൂത്രണ പദ്ധതിയെ സംബന്ധിച്ചും കാലിക പ്രസക്തമായ പുതിയ വർക്കിംഗ് ഗ്രൂപ്പിനെ കുറിച്ചും പഞ്ചായത്ത് രാജ് നവംബർ ലക്കത്തിൽ ഡോ.ജെ.ബി രാജൻ എഴുതിയ ലേഖനം വളരെ അറിവു പകരുന്നതാണ്. വാർഷിക പദ്ധതി രൂപീകരണ പ്രക്രിയയുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിക്കുമെങ്കിലും അവയുടെ പ്രവർത്തനത്തിലും ബന്ധപ്പെട്ട വിഷയങ്ങളിലെ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണ ഘട്ടങ്ങളിലും ഉണ്ടാകേണ്ട ഇടപെടലുകൾ സജീവമാകുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. വാർഷിക പദ്ധതികളുടെ ജീവവായു ആയി പ്രവർത്തിക്കേണ്ടുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ചടങ്ങായി മാറുമ്പോൾ ജനകീയാസൂത്രണമെന്ന മഹാപ്രസ്ഥാനത്തിന്റെ ലക്ഷ്യപ്രാപ്തിക്കാണ് മങ്ങലേൽക്കുന്നത്. വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും പദ്ധതിയുടെ അംഗീകാരവും വളരെ നേരത്തെ സാദ്ധ്യമാകുന്ന ഈ കാലയളവിന് അനുയോജ്യമായതാണ് കേരള സൃഷ്ടിക്കായി ജനകീയാസൂത്രണം എന്ന ലേഖനം . പ്രകൃതി സൗഹൃദ കേരളം കെട്ടിപടുക്കുന്നതിന് മുതൽക്കൂട്ടായേക്കാവുന്ന പുതിയ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കൂടുതൽ ചിട്ടപ്പെടുത്തുന്നതിന് കരുത്താകുന്ന ഈ ലേഖനം തയ്യാറാക്കിയ ലേഖകനും പ്രസിദ്ധീകരിച്ച എഡിറ്റോറിയൽ ബോർഡിനും അഭിനന്ദനങ്ങൾ.

എസ്.വി. ജയാനന്ദൻ, മലയിൻകീഴ്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ കേരളത്തിന് വേണ്ടി പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങുന്ന

കേരളത്തിന് അംഗീകാരം

ഇന്ത്യാ ടുഡെ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ് കോൺക്ലേവ് 2018 ൽ കേരളത്തിന് രണ്ട് പുരസ്ക്കാരങ്ങൾ. മികച്ച പരിസ്ഥിതി സംരക്ഷണത്തിനും മികച്ച ശുചിത്വപ്രവർത്തനത്തിനുമാണ് കേരളത്തിന് പുരസ്ക്കാരങ്ങൾ ലഭിച്ചത്. ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ കേരളത്തിന് വേണ്ടി പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങി. ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളും ചെറിയ സംസ്ഥാനങ്ങളും തരംതിരിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വലിയ സംസ്ഥാനങ്ങൾക്കുള്ള പുരസ്ക്കാരമാണ് കേരളത്തിന് ലഭിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ ജോസ്, കേരള ഹൗസ് റസിഡന്റ് കമ്മീഷ്ണർ പുനീത് കുമാർ എന്നിവർ സന്നിഹിതരായിരുന്നു. □

പഞ്ചായത്ത്‌രാജ്
പുസ്തകം 57 ലക്കം 10
ജനുവരി 2018
പുസ്തകം 57 ലക്കം 11
ഫെബ്രുവരി 2018
വഴികാട്ടും
മാർഗ്ഗരേഖ
വികസനത്തിൻ
രൂപരേഖ
എത്താം 70%
പദ്ധതി
നിർവ്വഹണത്തിൽ
ചരിത്രം
ഡിസംബർ 2017

പഞ്ചായത്ത്‌രാജ്

കയർക്കരുത്തിന്റെ

ദൈവത്തിന്റെ സ്വന്തം നാടിന്
നൽകൂ മനുഷ്യസഹായം

ശ്രീ. പിണറായി വിജയൻ
ബഹു. കേരള മുഖ്യമന്ത്രി

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിൽനിന്നും നമ്മൾ കരകയറിക്കൊണ്ടിരിക്കുകയാണ്. കൂട്ടായ പ്രവർത്തനങ്ങൾക്കൊപ്പം വിവിധയിടങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന സഹായങ്ങളുംകൂടിയാകുമ്പോൾ നമുക്ക് ഈ ദുരന്തത്തെ ഉറപ്പായും മറികടക്കാനാകും.

ഈ ദുരന്തത്തിന്റെ വ്യാപ്തിയും നാശനഷ്ടങ്ങളും സമാനതയില്ലാത്തതാണെന്ന് പറയേണ്ടതില്ലല്ലോ! പ്രാഥമിക വിലയിരുത്തൽ പ്രകാരം 20,000 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കപ്പെടുന്നു. അതിന് പുറമെ, കണക്കാക്കുവാൻ ആകാത്തവിധം സാമൂഹിക പ്രത്യാഘാതങ്ങളും ഉണ്ടായിട്ടുണ്ട്.

നമ്മുടെ കൊച്ചു കേരളം നിരവധി തവണ ലോകത്തിന് മാതൃകയായിട്ടുണ്ട്. ഈ ദുരന്തമുഖത്തും നാം നമ്മുടെ നിശ്ചയദാർഢ്യം പ്രകടമാക്കി പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. എങ്കിലും, ദുരിതബാധിതരുടെ പുനരധിവാസവും ദുരന്തമേഖലയുടെ പുനർനിർമ്മാണവും ഒരു ബൃഹത്ത് ദൗത്യമായി തുടരുന്നു.

നിങ്ങളുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ നമുക്ക് കേരളത്തെ വീണ്ടെടുക്കാനാകൂ. നിങ്ങൾ നൽകുന്ന സഹായം, അതെത്രതന്നെ ചെറുതായിരുന്നാലും, ഈ ലക്ഷ്യം കൈവരിക്കുന്നതിൽ വലിയൊരു മുതൽക്കൂട്ടാകും. ആയതിനാൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിങ്ങളാൽ കഴിയുന്ന വിധം സംഭാവനകൾ നൽകി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കാളിയാകൂ.

കൈകോർത്ത് പരിശ്രമിക്കാം. കൈയയച്ച് സഹായിക്കാം.

സംഭാവന നൽകാൻ സന്ദർശിക്കൂ:
donation.cmdrf.kerala.gov.in

സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ മേഖലകളിലുള്ള ജീവനക്കാർ, നാനാതുറകളിലുള്ള തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെല്ലാം ഉദാരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

Maitri.com